Reg. No. 29377/78

PHARMACY BULLETIN

The official Publication of the Kerala Govt. Pharmacists' Association
Book No. 13 Vol - 1
September 2018

പ്രളയ ദുരിതാശ്വാസത്തിന്
കെ.ജി.പി.എ.യുടെ കൈത്താങ്ങ്

കെ.ജി.പി.എ. 60-ാം സംസ്ഥാന സമ്മേളനം

വനിതാ സമ്മേളനം ഉദ്ഘാടനം : ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ
(ബഹു. ഫിഷറീസ് & പരമ്പരാഗത വ്യവസായ വകുപ്പ് മന്ത്രി)

സെമിനാർ ഉദ്ഘാടനം ഡോ. പി.കെ. ജമീല
(ആർദ്രം മിഷൻ കൺസൽട്ടന്റ്, മുൻ ഡി.എച്ച്.എസ്.)

Reg. No. 29377/78

PHARMACY BULLETIN

The Official Publication of the Kerala Govt. Pharmacists' Association

BOOK No. 13 VOL - 1

Sep. 2018

- **Managing Editor :**
  A.N. Sunil
- **Printer & Publisher:**
  K.T. Sadanandan
- **Editor :**
  M.K. Premanandan
  E-mail : premanpharmacist@gmail.com
- **Editorial Board :**
  V. Thankachan
  Murali Mohan. P
  Sajeer K.P.
  Abhilash Jayaram

ഉള്ളടക്കം

കുടുംബാരോഗ്യ കേന്ദ്രങ്ങളും ഫാർമസിസ്റ്റും — 2
മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കണം — 3
അബ്ദുൾ നാസർ മരിക്കുന്നില്ല — 4
കെ.ജി.പി.എ. വജ്രജൂബിലി സമ്മേളനം — 5
തിരുവോണനാളിൽ പ്രളയബാധിതർക്കൊപ്പം കെ.ജി.പി.എ. — 11
WORLD PHARMACISTS DAY 2018: — 15
അയാൾ (കഥ) — 17
ആശംസകൾ (കവിത) — 18
മരണത്തിന്റെ ദയ — 19
LIFE (കവിത) — 20
കെ.സി. അജിത്കുമാർ വിരമിച്ചു — 21
സംസ്ഥാനവാർത്തകൾ — 22
ജില്ലാ വാർത്തകൾ — 24
DRUG STORE MANAGEMENT — 26
കണ്ടംമ്നേഷൻ — 34
കൃഷ്ണൻ (കവിത) — 39

എഡിറ്റോറിയൽ

കുടുംബാരോഗ്യ കേന്ദ്രങ്ങളും ഫാർമസിസ്റ്റും

ആർദ്രംമിഷന്റെ ഭാഗമായി ആദ്യഘട്ടത്തിൽ സംസ്ഥാനത്ത് 170 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങൾ ആയി ഉയർത്തുകയുണ്ടായി. രണ്ടാം ഘട്ടത്തിൽ 500 കുടുംബാരോഗ്യ കേന്ദ്രങ്ങൾ കൂടി ആരംഭിക്കാനാണ് തീരുമാനം. സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾവരെ ശക്തിപ്പെടുത്തുകയും, ഏറെ താമസിയാതെ മുഴുവൻ ആരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളാകുമെന്നും കരുതുന്നു.

രാവിലെ 9 മണി മുതൽ വൈകി 6 മണിവരെ പ്രവർത്തിക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 3 ഡോക്ടർ, 2 ഫാർമസിസ്റ്റ്, 3 നഴ്സ് എന്നിങ്ങനെയാണ് ജീവനക്കാർ. നിലവിൽ അനുവദിച്ച ജീവനക്കാരുടെ എണ്ണത്തെപ്പറ്റി രോഗികൾക്കിടയിലും, ജീവനക്കാർക്കിടയിലും ഒരുപോലെ ആശങ്കകളുണ്ട്.

3 ഡോക്ടർമാരിൽ ഒരാൾ ഇമ്മ്യൂണൈസേഷൻ ഉൾപ്പെടെ ഫീൽഡ് പ്രവർത്തനങ്ങൾക്കായി മിക്കവാറും പുറത്തു പോകേണ്ടിവരും. മറ്റ് രണ്ടുപേർ രാവിലെയും, വൈകുന്നേരവുമായി രണ്ട് ഷിഫ്റ്റിൽ ജോലി ചെയ്യും. ഇതിൽ ഒരാൾ ആകസ്മികമായി അവധിയിൽ ആകുമ്പോൾ ഉച്ചക്ക്ശേഷം ഒ.പി. നടത്താൻ ഡോക്ടർ ഉണ്ടാവുകയില്ല. രോഗികൾക്ക് ചികിത്സ ലഭ്യമാവുകയുമില്ല. ഈ പോരായ്മ പരിഹരിക്കേണ്ടതാണ്.

രാവിലെ 9 മണി മുതൽ വൈകി 6 മണിവരെ ഒ.പി.യിൽ മരുന്ന് ഡിസ്പൻസിംഗ് നടത്താനും ഡ്രഗ്സ്റ്റോർ പ്രവർത്തനങ്ങൾക്കുമായി രണ്ട് ഫാർമസിസ്റ്റുമാർ മാത്രമാണുള്ളത്. അതും ഏറെ മുറവിളികൾക്ക് ശേഷം ലഭിച്ചത്. മരുന്നുകളുടെയും, ഉപകരണങ്ങളുടെയും സംഭരണം, സ്റ്റോക്ക്, സ്റ്റോക്ക് അക്കൗണ്ടുകൾ, വിവിധ ഫയലുകൾ, റിപ്പോർട്ടുകൾ എന്നിവ തയ്യാറാക്കൽ തുടങ്ങിയ ചുമതലകൾ തന്നെ ഒരാൾക്ക് നിർവ്വഹിക്കാവുന്നതിലേറെയാണ്. ഒ.പി. ഡിസ്പൻസിംഗിന് രാവിലെയും, ഉച്ചയ്ക്ക് ശേഷവുമായി രണ്ടുപേരും വേണം. അങ്ങിനെ 3 ഫാർമസിസ്റ്റുമാർ ഒരു കുടുംബാരോഗ്യ കേന്ദ്രത്തിൽ അത്യാവശ്യമാണ്. നിലവിൽ ഒരു ഫാർമസിസ്റ്റ് വീക്കിലി ഓഫോ, അവധിയോ എടുക്കുമ്പോൾ രാവിലെ മുതൽ വൈകുന്നേരം വരെയുള്ള ഒ.പി.യും, ഡ്രഗ്സ്റ്റോർ പ്രവർത്തനങ്ങളുമെല്ലാം ഒരാളുടെ ചുമലിൽ വരുന്നു. തീർത്തും അസാധ്യമായ കാര്യമാണിത്.

കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഫാർമസിസ്റ്റ് മതി എന്ന നിലപാടായിരുന്നു ആരോഗ്യവകുപ്പ് അധികാരികൾക്ക്. എൻ.സി.ഡി. മരുന്നുവിതരണ വിഷയത്തിൽ നിയമത്തിനും, ശാസ്ത്രത്തിനും വിരുദ്ധമായ ഉത്തരവിറക്കിയതിനെതിരെ, എല്ലാ അനുരഞ്ജനശ്രമങ്ങളും നടത്തി പരാജയപ്പെട്ടപ്പോൾ കോടതിയെ സമീപിച്ചു എന്നത് ഫാർമസിസ്റ്റുമാർ ചെയ്ത വലിയ പാതകമായിരുന്നത്രെ.

കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മറ്റ് തസ്തികകൾ വന്നിട്ടും മരുന്ന് ഡിസ്പെൻസ് ചെയ്യാൻ ഫാർമസിസ്റ്റില്ലാത്തത്, രോഗികളെയും, സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെയും ബാധിച്ചതിനെ തുടർന്നാണ് ഫാർമസിസ്റ്റുമാരെ നിയമിക്കാൻ തീരുമാനമായത്. ഇതിനെതിരെ കെജിപിഎയും കേരളത്തിലെ ഫാർമസിസ്റ്റ് സമൂഹം ഒന്നടങ്കവും രംഗത്തു വന്നതിനെ തുടർന്നാണിത്.

ഒരു ഫാർമസിസ്റ്റ് മാത്രമായി പ്രവർത്തനമാരംഭിച്ച എഫ്.എച്ച്.സി. കളിൽ മാസങ്ങളോളം ഒറ്റക്ക് മരുന്നു നൽകിയും, ഡ്രഗ്സ്റ്റോർ ചുമതല നിർവ്വഹിക്കുകയും ചെയ്ത ഫാർമസിസ്റ്റുമാരുടെ ത്യാഗപൂർണ്ണമായ പ്രവർത്തനം ഈ അവസരത്തിൽ കൃതാർത്ഥതയോടെ ഓർക്കുകയാണ്. ഫാർമസി ശാസ്ത്രത്തിന്റെയും, നിയമനത്തിന്റെയും വിശുദ്ധികൈവിടാതെ രാവിലെ മുതൽ വൈകീട്ട് വരെ ഒറ്റക്കിരുന്ന് ജോലി ചെയ്ത് മാതൃക കാണിച്ച ഇവരെ എത്ര പ്രശംസിച്ചാലും മതിയാകില്ല. നിരവധി സമ്മർദ്ദങ്ങൾക്കും, പ്രലോഭനങ്ങൾക്കും നടുവിലാണ് ഇവർ പിടിച്ച് നിന്നത്. ഒപ്പം കേരളത്തിലെ മുഴുവൻ ഫാർമസിസ്റ്റ് സമൂഹത്തിന്റെയും കൂട്ടായ പരിശ്രമംകൂടി ആയപ്പോഴാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്ക് 180 ഓളം ഫാർമസിസ്റ്റ് തസ്തികകൾ യാഥാർത്ഥ്യമായത്.

ആർദ്രം വിഭാവനം ചെയ്യുന്ന മാനുഷിക മൂല്യങ്ങളുള്ള, ഗുണനിലവാരമുള്ള സേവനം യാഥാർത്ഥ്യമാക്കാൻ 3 ഫാർമസിസ്റ്റുമാർ നിർബന്ധമായും എഫ്.എച്ച്.സികളിൽ വേണ്ടതാണ്. ഇതിനായി നടപടികൾ സ്വീകരിക്കാൻ ആരോഗ്യവകുപ്പധികാരികളും സംസ്ഥാനസർക്കാരും തയ്യാറാകണം.

ഗവ. ഫാർമസിസ്റ്റുമാരുടെ ഒറ്റക്കെട്ടായ പ്രവർത്തനങ്ങളിലൂടെ ന്യായമായ ആവശ്യങ്ങൾ നേടിയെടുക്കാൻ നമുക്ക് കഴിയുമെന്നാണ് കഴിഞ്ഞകാല ചരിത്രം നമ്മെ പഠിപ്പിക്കുന്നത്.

– *എം.കെ. പ്രേമാനന്ദൻ*

മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കണം

എ.എൻ.സുനിൽ
സംസ്ഥാനപ്രസിഡണ്ട്

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനില വാരം ഉറപ്പാക്കേണ്ടത് ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് അത്യാവശ്യമാണ്. ആരോഗ്യ സ്ഥാപനത്തിലേക്ക് വിതരണം ചെയ്യപ്പെട്ട മരുന്ന് ഗുണനിലവാരം പുലർത്താത്തതിനാൽ പിൻവലി ക്കുകയോ, ഉപയോഗം നിർത്തുകയോ ചെയ്യുന്ന തിനായി അറിയിപ്പ് ലഭിക്കുമ്പോൾ ആ വർഷ ത്തിൽ പിന്നെ പ്രസ്തുത മരുന്ന് ഇല്ലാത്ത അവ സ്ഥയുണ്ടാകുന്നു. ഗുണനിലവാരം ഇല്ലാത്ത മരുന്ന് മെഡിക്കൽ കോർപ്പറേഷൻ തിരിച്ചെടുത്ത് പകരം മരുന്ന് നൽകണമെന്നാണ് ചട്ടമെങ്കിലും ഇത് നടക്കാറില്ല.

നേരത്തെ സർക്കാർ ആശുപത്രികളിലേക്ക് സെൻട്രൽ പർച്ചേസ് കമ്മിറ്റിവഴിയാണ് മരുന്നു കൾ സംഭരിച്ചിരുന്നത്. ഇത് പലപ്പോഴും അഴിമ തിയുടെ കൂത്തരങ്ങായി മാറിയപ്പോൾ അതിനെ തിരെ ശക്തമായ സമര പരിപാടികൾ നടത്തിയ പ്രസ്ഥാനമാണ് കെ.ജി.പി.എ. ആരോഗ്യവകുപ്പ് ആസ്ഥാനത്ത് അനിശ്ചിതകാല നിരാഹാര സത്യാഗ്രഹം വരെ കെ.ജി.പി.എ. നടത്തിയിരു ന്നു. അക്കാലത്ത് കേരളം ഏറ്റവുമധികം ചർച്ച ചെയ്ത ഒരു വിഷയവുമായിരുന്നു മരുന്നു സംഭര ണത്തിലെ അഴിമതി.

ഈ അവസ്ഥക്ക് മാറ്റം വരുത്തുന്നതിനു വേണ്ടിയാണ് 2008ൽ ഇടതുസർക്കാർ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ രൂപീക രിച്ച് മരുന്ന് സംഭരണ വിതരണത്തിന് പുതിയ സംവിധാനം കൊണ്ടുവന്നത്. എന്നാൽ ഇതിന്റെ ഭാഗമായി നിലവിലുണ്ടായിരുന്ന ജില്ലാ മെഡി ക്കൽ സ്റ്റോറുകളിലെ ഡി.ഡി.ഒ. പദവി ഉണ്ടായി രുന്ന 14 സ്റ്റോർസൂപ്രണ്ടുമാരുടെയും, 14 സ്റ്റോർകീ പ്പർമാരുടെയും കൂടാതെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, പ്യൂൺ തുടങ്ങി നൂറ് കണക്കിന് തസ്തികകൾ ഇല്ലാതാക്കാനുള്ള തീരുമാനമുണ്ടായപ്പോൾ അതിനെതിരെ ശബ്ദമുയർത്താൻ കെ.ജി.പി.എ. നിർബന്ധിതമായി. ഒടുവിൽ നിയമ പോരാട്ടത്തി ലൂടെ 14 സ്റ്റോർ സൂപ്രണ്ടുമാരുടെയും, 14 ഫാർമ സിസ്റ്റ് സ്റ്റോർകീപ്പർമാരുടെയും തസ്തികകൾ മേജർ ആശുപത്രികളിലേക്ക് ഷിഫ്റ്റ് ചെയ്തു കൊണ്ട് സംരക്ഷിക്കാൻ നമുക്കായി.

കെ.എം.എസ്.സി.എൽ മരുന്ന് സംഭരണ വിതരണരംഗത്ത് വരുത്തിയ പരിഷ്ക്കാരങ്ങൾ, തുടക്കത്തിലെ പ്രശ്നങ്ങൾ മാറിയതോടെ നാം സർവ്വാത്മനാ അംഗീകരിച്ചു. താഴേതട്ടിലുള്ള ആരോഗ്യ കേന്ദ്രങ്ങൾ കമ്പ്യൂട്ടർവൽക്കരിച്ച് ഓൺലൈൻ സംവിധാനത്തിൽ കൊണ്ടുവ ന്നതും സ്വാഗതാർഹമാണ്.

മരുന്നുകൾ ഫ്രീസ് ചെയ്യുന്നതും, ഉപയോഗം നിർത്തുന്നതും ഇപ്പോഴും തുടരുന്നത് സർക്കാർ ആശുപത്രികളെ വല്ലാതെ ബുദ്ധിമുട്ടിലാക്കുന്നു. ഒരു വർഷത്തെ ഉപയോഗത്തിനായി ലഭിച്ച മരുന്ന് ഒട്ടാകെ ഗുണമില്ലെന്ന് പ്രഖ്യാപിക്കപ്പെടു മ്പോൾ രൂക്ഷമായ ഔഷധക്ഷാമം ഉണ്ടാകുന്നു. ചട്ടങ്ങൾ പ്രകാരം പുതിയ മരുന്ന് നൽകണ മെന്നുണ്ടെങ്കിലും ഒരിക്കലും കിട്ടാറില്ല.

മുൻകൂട്ടി ഗുണനിലവാരം ഉറപ്പുവരുത്തിയ മരുന്നുകൾ മാത്രമേ സർക്കാർ ആശുപത്രികളി ലേക്ക് നൽകൂ എന്ന കെ.എം.എസ്.സി.എൽ വാഗ്ദാനം നടപ്പിലാക്കിയാൽ ഇത് പരിഹരിക്കാ നാവും. ഗുണനിലവാരം പരിശോധിച്ചുറപ്പുവരു ത്താത്ത ഒന്നും വിതരണത്തിനായി നൽകരുത്.

സർക്കാർ ആശുപത്രികൾക്കും പൊതുജന ങ്ങൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരി ക്കാനായി ഗുണനിലവാരം ഉറപ്പുവരുത്തിയ മരു ന്നുകൾ മാത്രം വിതരണത്തിനായി നൽകുകയും. ഗുണമില്ലെന്ന് കണ്ടെത്തി പിൻവലിച്ചാൽ പകരം നല്ല മരുന്ന് ആശുപത്രികളിൽ എത്തിച്ച് ഔഷധ ക്ഷാമം ഉണ്ടാകുന്നത് ഒഴിവാക്കണമെന്നും, ഗുണ മില്ലാത്ത മരുന്നുകൾ കഴിച്ച് പൊതുജനങ്ങൾക്കു ണ്ടായ ആരോഗ്യ നഷ്ടത്തിന് കമ്പനികളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

അബ്ദുൾ നാസർ മരിക്കുന്നില്ല

കെ.ടി. സദാനന്ദൻ
ജനറൽ സെക്രട്ടറി (ഇൻചാർജ്ജ്)

മലപ്പുറം ചുങ്കത്തറ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ ഫാർമസിസ്റ്റായിരുന്ന ശ്രീ. അബ്ദുൾനാസർ 13-09-2018 ന് സ്വന്തം ജീവൻ ബലികഴിച്ച്കൊണ്ട് നാം ഏവരേയും ദുഃഖത്തിലാഴ്ത്തിയിരിക്കുകയാണ്. കടുത്ത ജോലിഭാരം ഏൽപ്പിച്ച മാനസിക സമ്മർദ്ദമാണ് അദ്ദേഹത്തെ മരണത്തിലേക്ക് നയിച്ചത് എന്ന് ഏവരും മനസ്സിലാക്കുന്നു.

സംസ്ഥാനത്തെ സി.എച്ച്.സി. കളിലും, താലൂക്ക് ആശുപത്രികളിലും, ജില്ലാ ആശുപത്രികളിലുമൊന്നും വേണ്ടത്ര ഫാർമസിസ്റ്റ് തസ്തികകൾ അനുവദിച്ചിട്ടില്ല. ഒരു സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ ശരാശരി 500 ഓളം രോഗികൾ ചികിത്സക്കെത്തും. ഇവർക്കെല്ലാം മരുന്നും ഉപയോഗ നിർദ്ദേശങ്ങളും നൽകാനും ഡ്രഗ്സ്റ്റോർ, സ്റ്റോക്ക് അക്കൗണ്ടുകൾ എന്നിവ കൈകാര്യം ചെയ്യുന്നതിനും ഒരു ഫാർമസിസ്റ്റ് തസ്തിക മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഇത്രയും രോഗികൾക്ക് മരുന്ന് നൽകാൻ ചുരുങ്ങിയത് 3 ഫാർമസിസ്റ്റ്മാർ വേണ്ടതാണ്. ഡ്രഗ്സ്റ്റോർ ചുമതലയ്ക്ക് ഒരു ഫാർമസിസ്റ്റ് സ്റ്റോർ കീപ്പറും വേണ്ടതാണ്. ഇത്രയും പേർ നിർവ്വഹിക്കേണ്ട ചുമതലകൾ ഒരു ജൂനിയർ ഫാർമസിസ്റ്റിന്റെ തലയിൽ അടിച്ചേൽപ്പിച്ചിരിക്കുന്ന സ്ഥിതിയാണ് നിലവിൽ ഉള്ളത്. ഇതാണ് അബ്ദുൾ നാസറിന് സംഭവിച്ച ദുർവിധിക്ക് കാരണമെന്ന് കരുതുന്നു.

1000-ത്തിൽ അധികം രോഗികൾ എത്തുന്നതും കിടത്തിചികിത്സയുള്ളതുമായ നിരവധി താലൂക്ക് ആശുപത്രികളിലും ഒരു ഫാർമസിസ്റ്റ് തസ്തിക മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ചുരുങ്ങിയത് 6 ഫാർമസിസ്റ്റും, ഫാർമസിസ്റ്റ് സ്റ്റോർകീപ്പറും, സ്റ്റോർ സൂപ്രണ്ട് തസ്തികകളും ആവശ്യമായ സ്ഥാനത്താണിത്.

പുതുതായി സർവ്വീസിൽ പ്രവേശിക്കുന്നവരെ സ്റ്റോർ മാനേജ്മെന്റ് സംബന്ധിച്ച യാതൊരു പരിശീലനവും നൽകാതെയാണ് ഇത്തരം കനത്തജോലിഭാരമുള്ള സ്ഥാപനങ്ങളിൽ നിയമിക്കുന്നത്.

ഫാർമസിസ്റ്റ് ഗ്രേഡ്-1, ഗ്രേഡ്-2 തസ്തികകൾ അനുവദിച്ചത് പ്രകാരം ഫാർമസിസ്റ്റ്മാരെ അതാത് സ്ഥാപനങ്ങളിൽ നിയമിക്കുകയാണെങ്കിൽ ജൂനിയർ ഫാർമസിസ്റ്റുമാരെ ഒരുപരിധി വരെ ഈ സമ്മർദ്ദത്തിൽ നിന്നും ഒഴിവാക്കാനാകും.

രോഗികൾക്ക് മരുന്ന് നൽകി കഴിഞ്ഞാൽ പിന്നെ ഡ്രഗ് സ്റ്റോർ ചുമതലകൾക്ക് സമയം ലഭിക്കാത്തതിനാൽ പല ഫാർമസിസ്റ്റുമാരും രജിസ്റ്ററുകളും, ഫയലുകളുമെല്ലാം വീട്ടിൽകൊണ്ടുപോയാണ് എഴുതുന്നത്.

ആരോഗ്യവകുപ്പധികാരികളുടെ മുന്നിൽ ഇക്കാര്യമെല്ലാം പലവുരു ബോധ്യപ്പെടുത്തിയതാണ്. 1490 തസ്തികകൾ കൂടി ആരോഗ്യവകുപ്പിൽ അധികമായി വേണമെന്നാണ് കണ്ടെത്തിയിട്ടുള്ളത്. അതിൽ 40 തസ്തികകൾ മാത്രമാണ് അന്ന് അനുവദിച്ചത്. ശേഷിക്കുന്ന തസ്തികകൾ അനുവദിക്കാൻ യാതൊരു നടപടിയും ഉണ്ടായില്ല.

ഈ സാഹചര്യത്തിൽ അബ്ദുൾനാസറിനുണ്ടായ ദുരന്തം സർക്കാർ ആശുപത്രികളിൽ ആവർത്തിക്കാതിരിക്കാൻ വേണ്ടത്ര ഫാർമസിസ്റ്റ് തസ്തികകൾ അനുവദിക്കേണ്ടതുണ്ട്.

- അബ്ദുൾ നാസറിന്റെ മരണത്തിലേക്ക് നയിച്ച സാഹചര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്തുക.
- ഫാർമസിസ്റ്റുമാരുടെ ജോലിയും, ഉത്തരവാദിത്തങ്ങളും സംബന്ധിച്ച് വർക്ക്സ്റ്റഡി നടത്തുക.
- 150ൽ കൂടുതൽ ഒ.പി. യുള്ള സ്ഥാപനങ്ങളിൽ അധിക ഫാർമസിസ്റ്റ് തസ്തിക അനുവദിക്കുക.
- സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങളിൽ സ്റ്റോർകീപ്പർ തസ്തികയും, താലൂക്ക് ആശുപത്രികളിൽ സ്റ്റോർ സൂപ്രണ്ട് തസ്തികയും അനുവദിക്കുക. എന്നീ ആവശ്യങ്ങളിൽ സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ശ്രീ. അബ്ദുൾനാസറിന്റെ കുടുംബത്തിനുണ്ടായ നികത്താനാവാത്ത നഷ്ടത്തിൽ കേരളത്തിലെ ഗവ. ഫാർമസിസ്റ്റുമാർ പങ്കുചേരുന്നു.

കേരള ഗവ. ഫാർമസിസ്റ്റ്സ് അസോസിയേഷന്റെ 60–ാമത് സംസ്ഥാനസമ്മേളനം 2018 മെയ് 7 മുതൽ 12 വരെ ചരിത്രപ്രസിദ്ധമായ കൊല്ലം പട്ടണത്തിൽ നടന്നു. "മരുന്നറിവ് 2018" എന്നതായിരുന്നു സമ്മേളനത്തിന്റെ മുദ്രാവാക്യം. മുഖ്യ സംഘടനകൾപോലും 3-4 ദിവസത്തെ മാത്രം സമ്മേളനം നടത്തുമ്പോൾ, ആറ് ദിവസം നീണ്ടു നിൽക്കുന്ന സമ്മേളനം എന്ന വെല്ലുവിളി നിറഞ്ഞ ദൗത്യം കെ.ജി.പി.എ. സംസ്ഥാനകമ്മറ്റിയും, കൊല്ലം ജില്ലാ കമ്മറ്റിയും ഏറ്റെടുക്കുകയായിരുന്നു. ചരിത്രപരമായ ആ ദൗത്യം വിജയകരമാക്കിയ കൊല്ലത്തെ കെ.ജി.പി.എ. പ്രവർത്തകരും, പൊതുസമൂഹവും അഭിനന്ദനമർഹിക്കുന്നു.

മരുന്നറിവ് 2018 (ഫാർമസ്യൂട്ടിക്കൽ പ്രദർശനം)

മെയ് 7 മുതൽ 10 വരെ കൊല്ലം പബ്ലിക് ലൈബ്രറി സരസ്വതി ഹാളിലായിരുന്നു തികച്ചും പുതുമയുള്ള ഫാർമസ്യൂട്ടിക്കൽ പ്രദർശനം നടത്തിയത്. മെയ് 7ന് വൈകു: 3 മണിക്ക് ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡണ്ട് ഡോ. പി. കെ. ഗോപൻ പ്രദർശനം ഉദ്ഘാടനം ചെയ്തു. ഇ.ജി. ബെന്നി, വി.തങ്കച്ചൻ, സുനിൽകുമാർ എന്നിവർ സംസാരിച്ചു. കെ.ജി.പി.എ. ജില്ലാ പ്രസിഡണ്ട് എസ്. സുദിനകുമാരി അദ്ധ്യക്ഷയായിരുന്നു.

നാലു ദിവസം നീണ്ടുനിന്ന പ്രദർശനത്തിൽ ആരോഗ്യവകുപ്പ്, ടി. ബി. വിഭാഗം, സംസ്ഥാനഫാർമസി കൗൺസിൽ, ഫാർമസി കോളേജ്, മെഡിക്കൽ കോളേജ് ഫാർമസി വിഭാഗം എന്നീ വിഭാഗങ്ങളും സംഘടനയുടെ ചരിത്രം ഉദ്ഘോഷിക്കുന്ന സ്റ്റാളുകളും ഉണ്ടായിരുന്നു. വിജ്ഞാനപ്രദമായ പ്രദർശനം കാണാൻ ജനപ്രതിനിധികൾ ഉൾപ്പെടെ നൂറ് കണക്കിന് പേർ എത്തിയത് ആവേശമായി. ഫാർമസി പ്രഫഷന്റെ സേവനത്തെപ്പറ്റിയും, പ്രാധാന്യത്തെപ്പറ്റിയും പൊതുസമൂഹത്തിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ഒരുക്കിയ പ്രദർശനം വൻ വിജയമായി മാറി.

അഖിലേന്ത്യാ കൺവെൻഷൻ (8-05-2018)

മെയ് 8ന് അഖിലേന്ത്യാ ഗവൺമെന്റ് ഫാർമ



ക്കുന്നതിനെക്കുറിച്ചും, ഇവർക്കായി സേവന പ്രവർത്തനങ്ങൾ നടത്തുന്നതിനെക്കുറിച്ചും സംഗമം ചർച്ച ചെയ്തു.

ഉദ്ഘാടനസമ്മേളനം (10-05-2018)

മുഖ്യസമ്മേളനം 10-05-18 ന് രാവിലെ മുതൽ വിശാലമായ സോപാനം ഓഡിറ്റോറിയത്തിൽ നടത്തി. സംസ്ഥാനപ്രസിഡണ്ട് എ.എൻ. സുനിൽ നൂറ് കണക്കിന് പ്രവർത്തകരുടെ സാന്നിധ്യത്തിൽ പതാക ഉയർത്തി.

സിസ്റ്റുമാരുടെ കൺവെൻഷൻ ഹോട്ടൽ സീപേളിൽ നടന്നു. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഗവൺമെന്റ് ഫാർമസിസ്റ്റ് സംഘടനാ പ്രതിനിധികൾ കൺവെൻഷനിൽ പങ്കടുത്തു. ഡോ.ആർ.എസ്. താക്കൂർ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. വിവിധ സംസ്ഥാനങ്ങളിലെ ഗവൺമെന്റ് ഫാർമസിസ്റ്റുമാരുടെ സർവ്വീസ് പ്രഫഷണൽ പ്രശ്നങ്ങളും, ഇന്ത്യൻ ഫാർമസി ആക്ട് രാജ്യമെങ്ങും നടപ്പാക്കാനുള്ള അഖിലേന്ത്യാതലത്തിലുള്ള പ്രവർത്തനങ്ങളും സമ്മേളനം ചർച്ച ചെയ്തു. ഇതിനായി കർമ്മപരിപാടികൾ ആവിഷ്ക്കരിക്കാനും തീരുമാനിച്ചു.

മുൻകാല പ്രവർത്തക സംഗമം (09-05-18)

സർവ്വീസിൽ നിന്നും വിരമിച്ച ഫാർമസിസ്റ്റുമാരുടെ സംഗമം 09-05-2018ന് വൈ.എം.സി.എ. ഹാളിൽ നടത്തി. വിവിധ ജില്ലകളിൽ നിന്നും നിരവധി പ്രവർത്തകർ സംഗമത്തിനെത്തി. വിരമിച്ചവരുടെ സേവനം സമൂഹത്തിനും, ഫാർമസി പ്രഫഷനും ലഭ്യമാക്കിക്കൊടു

എം. നൗഷാദ് എം.എൽ.എ. യുടെ അധ്യക്ഷതയിൽ ആയിരുന്നു സമ്മേളനം. ബഹുമാനപ്പെട്ട നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ വി.ശശി സമ്മേളനം ഉദ്ഘാടനം ചെയ്തു. സമ്മേളനസുവനീർ പ്രകാശനവും അദ്ദേഹം നടത്തി. സർക്കാർ ഫാർമസിസ്റ്റുമാർക്ക് സ്പെഷ്യൽ റൂൾ അടിയന്തരമായി ഏർപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം ഊന്നിപറഞ്ഞു. ഇക്കാര്യത്തിൽ സർക്കാർ ആവശ്യമായ നിർദ്ദേശം നൽകുമെന്നും അദ്ദേഹം സൂചിപ്പിച്ചു.. ആരോഗ്യ മേഖലയിൽ ഫാർമസിസ്റ്റുമാരുടെ സേവനം അങ്ങേയറ്റം വില

മതിക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു. ഫാർമസി കൗൺസിൽ പ്രസിഡണ്ട് ഒ.സി. നവീൻചന്ദ്, ഡ്രഗ്സ് കൺട്രോളർ രവി.എസ്. മേനോൻ, കെ.ജി.എം.ഒ.എ സംസ്ഥാനപ്രസിഡണ്ട് ഡോ. എ. കെ. റൗഫ്, ഡോ. വി. പത്മജ, ഡോ. ജെ. മണികണ്ഠൻ, എസ്. സുഗതൻ, എൻ. രവികുമാർ, കെ.സി. അജിത്കുമാർ, ഗലീലിയോ ജോർജ്ജ്, ടി.എൻ. രമേഷ്, ചന്ദ്രശേഖരപിള്ള, പ്രശാന്ത്, മാഹിറ. യു.എൻ. എന്നിവർ ആശംസകൾ നേർന്നു. കവയത്രി കെ.എൻ. അനിഷ, ഹ്യസ്വസിനിമാ സംവിധായകൻ രാജേഷ്. സി. എം., എം.ഫാം ഗോൾഡ് മെഡൽ ജേതാവ് നീതു ബെന്നി, എന്നിവരെ ആദരിച്ചു.

അന്തരിച്ച തിരുവനന്തപുരം ജില്ലാ ജോ. സെക്രട്ടറിയും ഇ. എസ്.ഐ. ഫാർമസിസ്റ്റുമായിരുന്ന ബൈജുവിന്റെ കുടുംബസഹായനിധിയായി കെ.ജി.പി.എ. സ്വരൂപിച്ച ഫണ്ട് അദ്ദേഹത്തിന്റെ ഭാര്യ രമ്യാകൃഷ്ണനും, കുട്ടികളും ചേർന്ന് ഏറ്റ് വാങ്ങി.

വജ്രജൂബിലി സ്മാരക ബിൽഡിംഗ് ഫണ്ടിലേക്കുള്ള ആദ്യഗഡു കെ.ജി. പി.എ. മുൻ നേതാക്കളായ എസ്. ശിവദാസ്, സിബി കുര്യൻ എന്നിവരിൽ നിന്നും ഏറ്റുവാങ്ങി.

ജനറൽ സെക്രട്ടറി കെ. എം. മുരളീധരൻ സ്വാഗതവും, സ്വാഗതസംഘം കൺവീനർ ഇ.ജി. ബെന്നി നന്ദിയും പറഞ്ഞു. തുടർന്ന് പ്രതിനിധി സമ്മേളനം തുടങ്ങി. സംസ്ഥാന പ്രസിഡണ്ട് എ. എൻ. സുനിൽ അദ്ധ്യക്ഷനായിരുന്നു. കെ.എം. മുരളീധരൻ പ്രവർത്തന റിപ്പോർട്ടും, ട്രഷറർ അഭിലാഷ്ജയറാം വരവ് ചെലവ് കണക്കുകളും അവതരിപ്പിച്ചു.

സെമിനാർ

ഉച്ചഭക്ഷണശേഷം 'ആർദ്രം കേരള ആരോഗ്യ മോഡലും, കുടുംബാരോഗ്യ കേന്ദ്രങ്ങളും' എന്ന വിഷയത്തിൽ സെമിനാർ ആയിരുന്നു. മുൻ ആരോഗ്യവകുപ്പ് ഡയറക്ടറും, ആർദ്രം പദ്ധതി കൺസൽട്ടന്റുമായ ഡോ. പി. കെ. ജമീല ഉദ്ഘാടനം ചെയ്തു. അലയൻസ് ഓഫ് ഡോക്ടേഴ്സ് ഫോർ എത്തിക്കൽ ഹെൽത്ത് കെയർ കൺവീനർ ഡോ. സൈജു ഹമീദ് വിഷയം അവതരിപ്പിച്ചു. മുൻ ജനറൽ സെക്രട്ടറി ഇ.വി. രാജേന്ദ്രൻ മോഡറേറ്റർ ആയിരുന്നു. കേരള ഗവ. മെഡി

രാവിലെ 9.30 ഓടെ പ്രതിനിധി സമ്മേളനം ആരംഭിച്ചു. റിപ്പോർട്ടിന്മേലുള്ള ചർച്ച തുടങ്ങി. ജില്ലകളിൽ നിന്നുള്ള പ്രതിനിധികൾ ചർച്ചയിൽ സംസാരിച്ചു. 11.30 ഓടെ ചർച്ചക്ക് താൽകാലികവിരാമമിട്ടു.

വനിതാ സമ്മേളനം

സമ്മേളനപ്രതിനിധികളെ കൂടാതെ വനിതാ പ്രവർത്തകർകൂടി അണിനിരന്നതോടെ വിനതാ സമ്മേളനം ആരംഭിച്ചു.

സംസ്ഥാനസെക്രട്ടറി ഡി. എൻ. അനിത സ്വാഗതം ആശംസിച്ചു. വനിതാവിഭാഗം ചെയർപേഴ്സൺ ശ്രീവിദ്യ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ഫിഷറീസ് വകുപ്പ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മയായിരുന്നു ഉദ്ഘാടക. വേദിയിലെത്തിയ മന്ത്രിയെയും, വിശിഷ്ടാഥിതികളെയും പ്രതിനിധികൾ ഹർഷാരവത്തോടെ സ്വീകരിച്ചു. ഢസൻ കണക്കിന് മാധ്യമ പ്രതിനിധികളും അണിനിരന്നു.

സ്ത്രീസുരക്ഷാ പാഠങ്ങൾ വീടുകളിൽനിന്ന്തന്നെ ആരംഭിക്കേണ്ടതിന്റെ പ്രാധാന്യവും, ആരോഗ്യ ഫാർമസിമേഖലകളിലെ വനിതക

ക്കൽ ഓഫീസേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി ഡോ. ബി. ജിതേഷ്, കേരള ഗവ. നഴ്സസ് അസോസിയേഷൻ ജനറൽ സെക്രട്ടറി ടി. ഉഷാദേവി, ഡി.എൻ. അനിത എന്നിവർ സംസാരിച്ചു. ഉദ്ഘാടകരായ ഡോ. പി. കെ. ജമീലയും, ചർച്ചയിൽ പങ്കെടുത്ത മറ്റുള്ളവരും ശക്തമായ വാദങ്ങളാലും, സ്വതസിദ്ധമായ ശൈലിയാലും സെമിനാറിനെസമ്പന്നമാക്കി. കുടുംബാരോഗ്യകേന്ദ്രങ്ങൾ നിശ്ചയമായും കേരളത്തിന്റെ ആരോഗ്യരംഗത്ത് മുന്നേറ്റത്തിന് വഴിയൊരുക്കുമെന്നും ഡോക്ടർമാരും, ഫാർമസിസ്റ്റുമാരും ഉൾപ്പെടെയുള്ള ജീവനക്കാരെ വേണ്ടത്ര ഉൾപ്പെടുത്തേണ്ടത് ഈ പദ്ധതിയുടെ വിജയത്തിന് അനിവാര്യമാണെന്നും സെമിനാർ വിലയിരുത്തി.

ഡി. മുറാദ് സ്വാഗതവും, കെ. അബ്ദുൾസലാം, നന്ദിയും പറഞ്ഞു. ആറ് മണിയോടെ നാലാം ദിവസത്തെ പരിപാടികൾക്ക് വിരാമമായി.

11-05-2018

വൈ. എം. സി. എ. ഹാളിലായിരുന്നു ഇന്നത്തെ പരിപാടികൾ.

മായ ചർച്ചകളാൽ വിവിധ അഭിപ്രായങ്ങൾ മാറ്റുരച്ച സെമിനാറിലെ ചിന്തകൾ മോഡറേറ്റർ കോഡീകരിച്ചു. മരുന്നു മേഖലയിലെ വൻ ചൂഷണത്തിൽ നിന്നും പാവപ്പെട്ട രോഗികളെ രക്ഷിക്കാൻ ജനറിക് മരുന്നുകളുടെ വ്യാപനം സഹായിക്കുമെന്നും അത് പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണെന്നും സെമിനാർ വിലയിരുത്തി. ഗുണനിലവാരത്തെക്കുറിച്ചുള്ള ആശങ്കകൾ പരിഹരിക്കണമെന്നും അഭിപ്രായമുയർന്നു. 5 മണിയോടെ 5-ാം ദിവസത്തെ പരിപാടികൾക്ക് വിരാമമായി.

ളുടെ സേവനത്തെകുറിച്ചുമെല്ലാം അവർ സൂചിപ്പിച്ചു. വനിത കമ്മീഷൻ മുൻ അംഗമായ ജെ. പ്രമീളാദേവി, ഡെപ്യൂട്ടി മേയർ വിജയാ ഫ്രാൻസിസ്, ഡോ. ഒലീന, ടി.എൽ, മേരീസ് എന്നിവർ സംസാരിച്ചു. എസ്. സുദിനകുമാരി നന്ദി പറഞ്ഞു.

സെമിനാർ

ഉച്ചഭക്ഷണശേഷം 'ജനറിക് മരുന്നുകൾ ആശങ്കകളും, സാധ്യതകളും' എന്ന വിഷയത്തിൽ സെമിനാർ ആയിരുന്നു.

സംസ്ഥാനഫാർമസി കൗൺസിൽ മുൻ രജിസ്ട്രാർ ബി. രാധാകൃഷ്ണൻനായർ ആയിരുന്നു മോഡറേറ്റർ. സംസ്ഥാന ഫാർമസി കൗൺസിൽ വൈസ് പ്രസിഡണ്ട് ടി. സതീശൻ, ഐ.എം.എ. ജില്ലാ പ്രസിഡണ്ട് ഡോ. സിജു. ബി. നെൽസൺ, കെ. എം. എസ്. ആർ. എ ജോയിന്റ് ജനറൽ സെക്രട്ടറി എം.എം. ഹനീഫ, കെ. ജി. ഒ. ഐ. എം. എ. പ്രതിനിധി ഡോ. ബിന്ദു മേരി ഫ്രാൻസിസ് എന്നിവർ സംസാരിച്ചു. സജീവ

12-5-2018

6-ാം ദിവസത്തെ സമ്മേളനനടപടികൾ വൈ. എം.സി.എ. ഹാളിൽ രാവിലെ 9.30 ന് ആരംഭിച്ചു. പ്രതിനിധി സമ്മേളനത്തിന്റെ തുടർച്ചയായിരുന്നു ഇന്നത്തെ മുഖ്യ പരിപാടി. വിവിധ പ്രതിനിധികൾ ജില്ലാ ഗ്രൂപ്പ് ചർച്ചക്ക് ശേഷം ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും, വിമർശനങ്ങളും ചർച്ചയിൽ അവതരിപ്പിച്ചു. ഡി.എം.ഇ, ഇ.എസ്.ഐ. വിഭാഗങ്ങളിൽ നിന്നും പ്രത്യേകമായും അംഗങ്ങൾ ചർച്ചയിൽ പങ്കാളികളായി. സമ്മേളനത്തിന്റെ

60-ാം സംസ്ഥാന സമ്മേളനത്തിന് തിരശ്ശീല വീണു.

ചരിത്രത്തിലിടം നേടിയ സമ്മേളനം വൻവിജയമാക്കുന്നതിൽ കൈമെയ് മറന്ന് പ്രവർത്തിച്ച കൊല്ലത്തെ കെ.ജി.പി.എ. പ്രവർത്തകർ പ്രത്യേക അഭിനന്ദനം അർഹിക്കുന്നു.

കൊല്ലത്തെ ജനപ്രതിനിധികൾ, മാധ്യമ സമൂഹം, പൊതുജനങ്ങൾ എന്നിവരുടെയൊക്കെ അകമഴിഞ്ഞ സഹായസഹകരണങ്ങളും എടുത്തു പറയേണ്ടതാണ്.

മുഖ്യ സെഷൻ ആയ ചർച്ചക്ക് വേണ്ടത്ര സമയം നീക്കിവെച്ചത് സ്വതന്ത്രമായ അഭിപ്രായ രൂപീകരണത്തിന് ഏറെ സഹായകമായി.

ഉച്ചഭക്ഷണശേഷം ജനറൽ സെക്രട്ടറിയും, ട്രഷററും ചർച്ചയിലെ വിഷയങ്ങൾക്ക് മറുപടി പറഞ്ഞതോടെ റിപ്പോർട്ടുകളും, കണക്കുകളും അംഗീകരിച്ചു. വിവിധ ജില്ലകളിൽ നിന്നും വന്നതും ഔദ്യോഗികവുമായ പ്രമേയങ്ങൾ തുടർന്ന് സമ്മേളനം അംഗീകരിച്ചു.

സംസ്ഥാനകൗൺസിൽ യോഗമായിരുന്നു തുടർന്ന്. പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പിന് വരണാധികാരികൾ. നേതൃത്വം നൽകി. സംഘടനയെ ഇനിയങ്ങോട്ട് നയിക്കുന്നതിനുള്ള പുതിയ സംസ്ഥാന കമ്മറ്റിയെയും, സെക്രട്ടേറിയറ്റിനെയും ഭാരവാഹികളെയും ഐക്യകണ്ഠേന തെരഞ്ഞെടുത്തു.

സമാപനസമ്മേളനത്തിൽ പ്രസിഡണ്ട് എ.എൻ. സുനിൽ അധ്യക്ഷനായിരുന്നു. കൊല്ലം കോർപ്പറേഷൻ മേയർ വി. രാജേന്ദ്രബാബു മുഖ്യാതിഥിയായിരുന്നു.

വൈകീട്ട് 5 മണിയോടെ

പുതിയ ഭാരവാഹികൾ

എ.എൻ.സുനിൽ (പ്രസിഡണ്ട്), എസ്.വിജയകുമാർ, വി. തങ്കച്ചൻ, എം. അബ്ദുൾ സലാം (വൈസ് പ്രസിഡണ്ടുമാർ), കെ.എം. മുരളീധരൻ (ജനറൽ സെക്രട്ടറി), കെ.എ. സലീം, കെ.ടി. സദാനന്ദൻ, ഡി.എൻ. അനിത (സെക്രട്ടറിമാർ) അഭിലാഷ് ജയറാം (ട്രഷറർ), എം.കെ. പ്രേമാനന്ദൻ (എഡിറ്റർ, ഫാർമസി ബുള്ളറ്റിൻ), എം. എസ്. മനോജ്കുമാർ (സെക്രട്ടറി ഓഫീസ്).

തിരുവോണനാളിൽ പ്രളയബാധിതർക്കൊപ്പം കെ.ജി.പി.എ.

തിരുവനന്തപുരം ജില്ലയിലെ കെ.ജി.പി.എ. വനിതാ വിഭാഗം നേതാക്കളുടെയും, ജില്ലാ ഭാരവാഹികളുടെയും മനസ്സിൽ ഉയർന്ന ഒരാശയമായിരുന്നു കേരളത്തിലെ പ്രളയം നാശംവിതച്ച മേഖലകളിൽപോയി അവർക്ക് ആശ്വാസവും കൈത്താങ്ങുമാകാൻ എന്തെങ്കിലും ചെയ്യണമെന്നത്. പ്രവർത്തകർ ഈ വിഷയം ചർച്ച ചെയ്യുകയും അതിന് തിരുവോണനാൾതന്നെ തെരഞ്ഞെടുക്കുകയുമായിരുന്നു. സ്വയം ഓണാഘോഷങ്ങളും, സദ്യയുമെല്ലാം ഉപേക്ഷിച്ച് കുടുംബത്തിൽനിന്നും അകലെ പത്തനംതിട്ട ജില്ലയിലേക്ക് പോവുക എന്ന ആശയം പ്രാവർത്തികമാകുമോ എന്ന ആശങ്ക തുടക്കത്തിൽ നേതാക്കൾക്കുണ്ടായിരുന്നു. എന്നാൽ പ്രവർത്തകർ ആവേശത്തോടെ മുന്നോട്ട് വന്നപ്പോൾ എല്ലാ ആശങ്കകളുംഅസ്ഥാനത്തായി. ഓരോരുത്തരും പലതരം സാധനങ്ങളുമായി പങ്കുചേർന്നും, പങ്കുചേരാനാവാത്തവർ സാധനങ്ങൾ കൊടുത്തയച്ചും ഈ മഹാദൗത്യം വൻവിജയമാക്കിയപ്പോൾ ആസൂത്രണം ചെയ്ത നേതാക്കൾപോലും അമ്പരന്നുപോയി. ഇതാണ് കേരളം ഇതാണ് ഫാർമസിസ്റ്റ് എന്ന് ഏവരും മനസ്സിൽ കുറിച്ചു.

പത്തനംതിട്ട ജില്ലയിലെ ആറൻമുളയിലെ നിരവധി വീടുകളും, സ്ഥലങ്ങളും കേന്ദ്രീകരിച്ചായിരുന്നു അവശ്യവസ്തുക്കളും, ഭക്ഷ്യസാധനങ്ങളും, മരുന്നുകളും വിതരണം ചെയ്തത്. ഇത് അക്ഷരാർത്ഥത്തിൽ പ്രളയബാധിതർക്ക് ഒരു കൈത്താങ്ങായി മാറുകയായിരുന്നു.

ക്യാമ്പിന്റെ മുന്നൊരുക്കം എന്ന നിലയിൽ ഉത്രാടനാളിൽ തിരുവനന്തപുരം മെഡിക്കൽ

വനചെയ്തു. ഉദ്ദേശം രണ്ട് ലക്ഷത്തിൽ അധികം രൂപ വരുന്ന വസ്തുക്കൾ ലഭിച്ചു.

തിരുവോണദിവസം രാവിലെ 6 മണിക്ക് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് മുന്നിൽ നിന്നും 18 കെ.ജി.പി.എ. പ്രവർത്തകരും, സംഭരിച്ച വസ്തുക്കളുമായി വാഹനത്തിൽ പത്തനംതിട്ടയിലേക്ക് പുറപ്പെട്ടു. 10 മണിക്ക് കോഴഞ്ചേരി ജില്ലാ ആശുപത്രി കോമ്പൗണ്ടിൽ എത്തി. അവിടെ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പറും, കെ.ജി.പി.എ. നേതാവുമായ ശ്രീ. സുരേഷ്സാറും, ജില്ലയിലെ ഫാർമസിസ്റ്റുമാരും തിരുവനന്തപുരം ജില്ലയിൽ നിന്നും സന്നദ്ധ സേവനത്തിനായി നിയമിക്കപ്പെട്ട ഫാർമസിസ്റ്റുമാരും ചേർന്ന് സ്വീകരിച്ചു. രാവിലെ 10 മണിക്ക് എല്ലാവരും ചേർന്ന് ജില്ലയിലെ പ്രളയ ബാധിത മേഖലകളിലേക്ക് പുറപ്പെട്ടു. ഇടശ്ശേരി മല, കോടിപ്പാലം, കുറിച്ചിമുട്ടം, ഏറുവിളാകം, മാലക്കര, ആറാട്ടുപുഴ, നാൽക്കാലിക്കൽ, ഏഴിനാട്, ഇടനാട്, മാരാമൺ എന്നിവിടങ്ങളിലാണ് സംഘം പോയത്. വിവിധ ക്യാമ്പുകളും 500 ഓളം വീടുകളും സന്ദർശിച്ച് അവശ്യ ഭക്ഷ്യവ

കോളേജ് കോമ്പൗണ്ടിൽ നടത്തിയ വിഭവ സമാഹരണ ക്യാമ്പ് രാവിലെ 10 മണിക്ക് ഡെപ്യൂട്ടി സൂപ്രണ്ട് ഡോ. ജോബിജോൺ അവശ്യമരുന്നുകൾ നൽകികൊണ്ട് ഉദ്ഘാടനം ചെയ്തു. കെ.ജി.പി.എ. സംസ്ഥാന വൈസ്പ്രസിഡണ്ട് എസ്. വിജയകുമാർ സാധനങ്ങൾ ഏറ്റുവാങ്ങി. എസ്. വിജയകുമാരൻനായർ ഉൾപ്പെടെ വിവിധ സംഘടനാ നേതാക്കൾ ക്യാമ്പിലെത്തി ആശംസകൾ നേർന്നു.

തിരുവനന്തപുരം മെഡിക്കൽകോളേജ്, എസ്.എ.ടി. ആശുപത്രി, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ഗവ. ഫാർമസിസ്റ്റുമാരും, പേയിംഗ് കൗണ്ടറിലെ പബ്ലിക് സെക്ടർ ഫാർമസിസ്റ്റ് അസോസിയേഷൻ പ്രവർത്തകരും, ഫ്രീഡ്രഗ് ബാങ്കിലെ ജീവനക്കാരും, മെഡിക്കൽ കോളേജ് ഡ്രഗ് കളക്ഷൻ സെന്ററിലെ അംഗങ്ങളും, ഇ.എസ്.ഐ. വിഭാഗത്തിലെ ശ്രീമതി. ഓമനയും മറ്റും ചേർന്ന് വസ്ത്രങ്ങളും, മരുന്നും, മറ്റ് അവശ്യ വസ്തുക്കളും സംഭാ

ഇട്ടിരിക്കുന്നത് കാണാം. വീടുകളിൽ നിന്നും നീക്കം ചെയ്ത ചെളി വലിയകൂമ്പാരമായി കൂട്ടിയിരിക്കുന്നു. അസഹനീയമായ ദുർഗന്ധം ആണതിന്. പല വീടുകളുടെയും ടെറസ്സിൽ പ്രളയത്തോടൊപ്പം ഒഴുകിവന്ന തടികൾ കുരുങ്ങിക്കിടക്കുന്നത് കാണാം. ജനങ്ങളുടെ സങ്കടം ആരുടേയും കരളലിയിക്കുന്നതായിരുന്നു. ചിലയിടങ്ങളിൽ നിന്നും ഭക്ഷണം വല്ലതും കൊണ്ടു വന്നിട്ടുണ്ടോ എന്ന ചോദ്യം ഹൃദയഭേദകമായിരുന്നു. സാമാന്യം വലിയ ഒരു ഇരുനില വീടിന് മുമ്പിൽ എത്തിയപ്പോൾ കണ്ട കാഴ്ച കമ്പ്യൂട്ടറും, ലാപ്ടോപ്പും ഉൾപ്പെടെയുള്ള വില പിടിപ്പുള്ള ഉപകരണങ്ങൾ മുറ്റത്ത് കൂട്ടിയിട്ടിരിക്കുന്നു. വീടിന്റെ മുറികളുടെ ചുമരിൽ ഘടിപ്പിച്ച എയർകണ്ടീഷണർ മാലിന്യങ്ങൾ പുതഞ്ഞ് ഉപയോഗശൂന്യമായി കിടക്കുന്നു. അവിടെ 4 പേർ ചേർന്ന് വീട് വൃത്തിയാക്കുകയായിരുന്നു. ഞങ്ങളെ കണ്ട ഉടൻ അവർ അടുത്തേക്ക് വരികയും ഭക്ഷണം വല്ലതുമുണ്ടോ എന്ന് ചോദിക്കുകയും ചെയ്തു. വേവിച്ച ഭക്ഷണ സാധന

സ്തുക്കളും, മരുന്നുകളും സംഘം വിതരണം ചെയ്തു. ചിലയിടങ്ങളിൽ ആൾക്കൂട്ടമുണ്ടായിരുന്നതിനാൽ ജനങ്ങൾ ക്യൂ നിന്നാണ് സാധനങ്ങൾ വാങ്ങിയത്. തികഞ്ഞക്ഷമയോടെയായിരുന്നു ജനങ്ങളുടെ പെരുമാറ്റം. നിസ്സഹായതയും, ദു:ഖവും ആ മുഖങ്ങളിൽ കാണാമായിരുന്നു.

ഈ പ്രദേശങ്ങളിലെ മുഴുവൻ വീടുകളും വെള്ളപ്പൊക്കത്തിൽ മുങ്ങിപ്പോയതായിരുന്നു. വീടുകളിൽ ശുചീകരണ പ്രവർത്തികൾ നടത്തുന്നുണ്ടായിരുന്നു. മുറ്റത്ത് ലക്ഷക്കണക്കായ രൂപയുടെ ഉപകരണങ്ങൾ പലയിടത്തും വാരിക്കൂട്ടി

കയറിയിറങ്ങി അവശ്യ വസ്തുക്കൾ നൽകി.

സഹായവുമായി ചെല്ലുന്ന അധികംപേരും ഇത്തരം ഇടത്തരക്കാരെ ശ്രദ്ധിക്കുന്നില്ല എന്ന യാഥാർത്ഥ്യം ഞങ്ങൾക്ക് മനസ്സിലായി. ഈ പ്രദേശത്ത് തന്നെ നൂറോളം വീടുകളിൽ ഞങ്ങൾ കടന്നു ചെന്നു.

മൂന്ന് മണി വരെ ഭവന സന്ദർശനവും, സഹായ വിതരണവും തുടർന്നു. തിരുവോണനാളിൽ ഓണാഘോഷം മാറ്റിവെച്ച് ഞങ്ങൾ ചെന്നത് വലിയ മാനസിക പിന്തുണയാണ് അവരിൽ ഉണ്ടാക്കിയത്.

ങ്ങൾ കൊണ്ടു പോകാൻ പാടില്ലെന്ന കർശനനിർദ്ദേശം ഉള്ളതിനാൽ അവ ഞങ്ങളും ഒഴിവാക്കിയിരുന്നു. എന്നാൽ ഞങ്ങൾ സ്വയം



സദ്യയും, പൂക്കളുമൊന്നുമില്ലാത്ത ദുരിതബാധിതകർക്കിടയിലേക്ക് ഇറങ്ങിച്ചെന്ന ഞങ്ങൾക്ക് ഈ തിരുവോണം വേറിട്ടൊരു അനുഭവമായിരുന്നു. ഈ മഹനീയ സംരംഭത്തിന് സഹായ സഹകരണങ്ങൾ നൽകിയ മുഴുവൻ പേർക്കും കേരള ഗവ. ഫാർമസിസ്റ്റ്സ് അസോസിയേഷന്റെ നന്ദി രേഖപ്പെടുത്തുന്നു.

എസ്. വിജയകുമാർ
(സംസ്ഥാനവൈസ് പ്രസിഡണ്ട്)

എസ്. ജയദീപ്കുമാർ
(ജില്ലാ പ്രസിഡണ്ട്)

ഭക്ഷണത്തിനായി ഒരുക്കിയിരുന്ന ബ്രഡ്ഡും, പഴവും അവർക്ക് നൽകി. ഞങ്ങളുടെ മുന്നിൽ നിന്നു തന്നെ അവർ അത് കഴിക്കുന്നത് കണ്ടപ്പോൾ അവരുടെ വിശപ്പും, വിഷമതകളും നമുക്ക് ഊഹിക്കാവുന്നതിലും അപ്പുറമാണെന്ന് മനസ്സിലായി. ഞങ്ങൾ വിശപ്പും ദാഹവും, ഓണസദ്യയെക്കുറിച്ചുള്ള ചിന്തകളുമൊക്കെ മറന്നുപോയി. ഇതുപോലുള്ള നിരവധി വീടുകളിൽ ഞങ്ങൾ

WORLD PHARMACISTS DAY 2018: PHARMACIST YOUR MEDICINES EXPERTS

Dr. R S Thakur
Patron Federation of Indian Pharmacist Organisations

World Pharmacists Day 2018 will be celebrated throughout the world on 25th September. "Pharmacists are Your Medicines Experts" is the theme of this year's World Pharmacists Day. It highlights the role of Pharmacist in the society and their strenuous efforts in keeping people healthy.

The hospital and community Pharmacists play a very important role in protecting and improving public's health. They use their extensive expertise on medicines every day to ensure better patient health through accurate dispensing of prescriptions and unambiguous dissemination of instructions for use and application of medicines by the patient or patient's attendant. It must be emphasized that while dispensing a prescription Pharmacists ensure that right medicine, in right dose and right dosage form, is administered to the right patient through right route, at right time so as to avoid any untoward effect and achieve maximum therapeutic benefit. Safe, effective, and economic (low cost best quality) medication are focus of pharmaceutical care. Thus for every patient, pharmacists ensure rational therapy and adequate counseling by applying the principles of pharmacotherapeutics, pharmacoeconomics and pharmacovigilance.

Dispensing and handing over medicines to patients are not the only tasks performed by pharmacists. Drug information, storage and preservation of potency/quality of medicines and expert clinical opinion of pharmacists are equally important for rationale and economic therapy. Patients need counselling on anxiety and worries about their health problems and that works too.

Checking prescription by Pharmacists before dispensing medication to patients ensures that patients don't receive any wrong medicine or take an incorrect dose of medicine. A pharmacist instructs on how and when to use the medicines to avoid serious consequences for patients, up to and including death.

As Indian Health care set up is almost fully dependent upon western or modern allopathic medicines imported into India by British traders turned rulers, and that being the most preferred system of medicine in India, we must adopt western design of pharmaceutical care and services to protect mankind from menace of medicines. The huge gulf between pharmaceutical services settings in western world and India is mounting alarming devastation on health and happiness of citizens. Medicine related deaths and disabilities are becoming common and the sole reason behind is out dated or primitive pharmaceutical care set up. If India is committed to use western allopathic medicines, its Pharmaceutical care network also must be on the same lines as prevailing in Europe or US. Any compromise is ruinous for public health, and that is worst thing for any republic.

Therefore, to meet the cherished goal of "Health for all" we must have Directorate of Pharmacy in the Health and Family Welfare Department to evolve Pharmaceutical Care Policy and deal with all matters related to drugs and pharmaceuticals, medicine's quality, manufacturing and availability of essential medicines at competitive cost, proper storage and preservation of potency of medicines, pharmacy education, and pharmaceutical industry promotion.

The Vision, Mission, Objectives and

functions of the Directorate of Pharmacy along with its values are described below:

Vision: To be a provider of world class quality pharmaceutical care services to the citizens.

Mission: To provide within the available resources good quality medicines and medical supplies that are safe, effective, accessible, affordable and rationally used.

To ensure quality education for Pharmacists.

To create environment for vibrant entrepreneurial culture, and State-of-the-art manufacturing facilities for quality medicines and medical devices.

Objectives: To improve the health of people through proper procurement, promotion of local production of essential medicines and management of adequate supply of medicines ensuring: Accessibility, Affordability, Availability, Efficacy, Quality, Rational usage, and Safety.

Functions:

(i) To avail essential medicines throughout the State, including 100% availability of all essential medicines at all times at all places.

(ii) Selection of medicines and medical supplies according to the Essential Medicines concept of the World Health Organisation (WHO) and National List of Essential Medicines 2015 (NLEM) in collaboration with Hospital Medicine and Therapeutics Committees (HMTCs) of the State.

(iii) Robust Quality assurance measures to ensure supply of safe, effective quality medicines and medical devices.

(iv) To promote cost effective production of medicines within the State in accordance with the standards of current Good Manufacturing Practices (cGMP).

(v) To procure and distribute safe and effective medicines of acceptable quality, in the necessary quantities, at the lowest possible cost, and to ensure that these medicines are maintained in good condition throughout the supply chain in order to minimize wastage and loss of potency.

(vi) To promote rational use of medicines, both through prescribing, and dispensing in the public and private sectors.

(vii) To establish Pharmacy Colleges for education and training of Pharmacists of all levels.

(viii) To promote research in the field of drugs, Pharmaceuticals, Phytochemicals, and Pharmaceutical Care for continuous development and improvement in all aspects of health sector.

(ix) To monitor the performance of each sector and derive parameters for continuous improvement in the system to meet world class requirements in every segment of Pharmacy Services.

Values:

The Directorate of Pharmacy Services will be guided by the following values:

1. Accountability
2. Adaptability
3. Beneficiary and Health Care Provider Satisfaction
4. Equity
5. Excellence
6. Integrity
7. Professionalism
8. Transparency

On this World Pharmacists Day let us move closer to creating a healthy society and protect mankind from menace of medicines through rational therapy and Medication Therapy Management.

ശ്രീനഗോപാൽ
ഫാർമസിസ്റ്റ്
എഫ്.എച്ച്.സി. കയ്യൂർ

അയാൾ

അയാളായിരുന്നു ആ സ്വർഗ്ഗത്തിലെ ആദ്യത്തെ അതിഥി !

നാട്ടിൻ പുറത്തെ ഇടുങ്ങിയ വഴിയിൽ മണൽത്തിട്ടയോട് ചേർന്ന് അനുസരണയോടെ ഒതുങ്ങിനിന്ന വാഹനങ്ങൾ, വിഷാദം തുല്യ അളവിൽ പങ്കിട്ടെടുത്ത മുഖങ്ങൾ, അടക്കം പറച്ചിലുകൾ.

ഒരു ക്ഷണക്കത്ത് ആരോ സ്വീകരിച്ചിരിക്കുന്നു. മരണത്തിന്റെ!

ഓരോരുത്തരും അന്ധാളിപ്പിനെകൂട്ടുപിടിച്ച് കാലുകളെ ധൃതിയിൽ ചലിപ്പിക്കുന്നു ! തോന്നിയില്ല, ഇടക്കുകയറി ആരെന്ന് ചോദിക്കാൻ....

മുട്ടിന് താഴെ വെരിക്കോസ് ഞരമ്പുകൾ കൂട്ട് പിണഞ്ഞ് കിടക്കുന്നത് കൊണ്ടാവാം ആ വൃദ്ധൻ പതുക്കെ നടക്കുന്നത്. എന്റെ മുഖത്തെ ചോദ്യം വായിച്ച അയാൾ പറഞ്ഞു 'അത് നമ്മുടെ ചായക്കടക്കാരൻ വേണുവാ... ഇന്നലെ പാതിരാത്രിക്ക്....' 'മോൻ പുറപ്പെട്ടിട്ടുണ്ട്'

വേണുവേട്ടൻ ! വിഷാദം എന്നിലേക്കും പകർത്തപ്പെട്ടു. അയാൾ പറഞ്ഞ വാചകങ്ങൾ ഞാൻ പൂരിപ്പിച്ചെടുത്തു... അല്ലെങ്കിലും മരണം ഒരു പൂരിപ്പിക്കലാണല്ലോ !

ആൾക്കാരെ വകഞ്ഞുമാറ്റി ഞാനും സമർപ്പിച്ചു. ആദരാഞ്ജലികൾ!

പിൻതിരിഞ്ഞ് നടന്നപ്പോൾ കണ്ണുകളോടി... ആ കോലായിലൂടെ... മൂക്കിന്റെ തുമ്പത്തുണ്ട് ആ മണം, പശുവിൻ പാൽ ചേർത്ത് വല്യ കോലൻ ഗ്ലാസിലെ നാടൻചായയുടെ...!

ഊതിയൂതികുടിക്കുമ്പോൾ കണ്ണുകൾ ഉടക്കാറുണ്ട്.

ഒരു ഭാഗത്ത് ചായക്കടയിലെ തീൻമേശകളും കസേരകളും, അധികം അകലെയല്ലാതെ കട്ടിൽ മുതൽ പേരക്കുട്ടിയുടെ സൈക്കിൾ വരെയുള്ള വീട്ടു സാമഗ്രികൾ.

ചിലപ്പോൾ തോന്നും ഇത് കടയോട് ചേർന്ന വീടോ... വീടിനോട് ചേർന്ന കടയോ എന്ന് !

പ്രായാധിക്യം കൊണ്ട് നടക്കാൻ വിഷമമുള്ള മീനാക്ഷിയമ്മ മുതൽ ചെറിയകുട്ടികൾ വരെ അവിടെ ഇരുന്ന് ഓരോരൊ ജോലികൾ ചെയ്യുന്നുണ്ടാകും.

അവരവർക്ക് കഴിയുന്നത് ചെയ്യാൻ നല്ല ഉൽസാഹമാണവർക്ക്. പക്ഷെ എല്ലാവരുടെയും പ്രയത്നത്തെ കൂട്ടിച്ചേർക്കുന്നത് വേണുവേട്ടനാണ്. അല്ല ആയിരുന്നു!

ദിവസങ്ങളെ ഒന്ന് ഉന്തിവിട്ടാൽ ഇനി എന്തൊക്കെ തരത്തിലാവും ഇവിടത്തെ കാര്യങ്ങൽ മാറുന്നത് ! സങ്കടങ്ങളും, ഓർമ്മകളും, ദൈനംദിന ജീവിതത്തിലേക്ക് വഴിമാറും. പിന്നെ മക്കളിൽ ആരെങ്കിലും ഈ കട ഏറ്റെടുക്കും.... ചിലപ്പോൾ ഫാസ്റ്റ് ഫുഡ് ആയി രൂപാന്തരപ്പെട്ടേക്കാം... പക്ഷേ അപ്പോഴിവിടെ രാമേട്ടനും, തങ്കപ്പൻ ചേട്ടനും, മുരളിയും, ബഷീർക്കായും നാട്ടുവർത്തമാനം പറയാൻ വരുമോ ആവോ ?

ജോലി തിരക്കിന്റെ ആലസ്യമകറ്റാൻ ചായയും, ഇലയടയുമായി അവർ ഞങ്ങളുടെ ഓഫീസിലേക്ക് വരുമോ?

ഒരു ദിവസം ചൂടുപഴംപൊരിയുടെ മണം മൂക്കിനെ വട്ടംപിടച്ചത് കൊണ്ടാകാം വൈകുന്നേരം ഓഫീസ് പൂട്ടിയിറങ്ങിയ ഞാൻ അവിടെ കയറി. ചെറിയ തിരക്കുണ്ടായിരുന്നു പണികഴിഞ്ഞ് പോകുന്ന ചേച്ചിമാരും, ചേട്ടന്മാരും

അവരുടെ കയ്യിൽ മുഷിഞ്ഞ നോട്ടുകളുമായി കാത്തു നിൽക്കുന്നത് കണ്ട് ഞാൻ കൗതുകത്തോടെ മീനാക്ഷിയമ്മയോട് തിരക്കി. 'ഇവരുടെയൊക്കെ ബാങ്കാ... വേണു' ചെറുചിരിയോടെ മറുപടി. പിന്നാലെ നിജസ്ഥിതി മനസ്സിലായി. ഡെയ്‌ലി കലക്ഷൻ എടുക്കാനെത്തുന്ന സരള ചേച്ചിയെ ഏൽപ്പിക്കാനുള്ള പണം വേണുവേട്ടനെ ഏൽപ്പിക്കുന്ന തിരക്കാണ്. പാസ്സ് ബുക്കിന്റെയും പണത്തിന്റെയും സൂക്ഷിപ്പ് കാരനും കൂടിയാ ഈ വേണുവേട്ടൻ.

എത്രയോ പേരുടെ വിശ്വാസ്യത നേടിയ ആ ബാങ്കല്ലെ ഇന്നലെ രാത്രി പൂട്ടി പോയത്.

ചിന്തകൾ അധികം മേയേണ്ടി വന്നില്ല. കഴിഞ്ഞയാഴ്ച ഉദ്ഘാടനം ചെയ്ത 'സ്വർഗ്ഗം' പൊതു ശ്മശാനത്തിന്റെ വണ്ടിയെത്തീന്ന് ആരോ പറയുന്നത് കേട്ടു....!

കവിത

ആശംസകൾ

ഇവിടെ പിരിയുന്നു രണ്ടാത്മമിത്രങ്ങൾ
വിശ്രമ ജീവിതപാതയിലായ്.
പലകാലഘട്ടത്തിൽ
ചെയതോരുകർമ്മങ്ങളിവിടെ
സ്മരണയായ് തീർന്നിടുന്നു.
അനിവാര്യമായിടും നാളിതേവർക്കുമീ-
സേവനപുസ്തകത്താളുകളിൽ.
കാലം മലർക്കെ തുറക്കുന്നിവർക്കായി
സീമകളില്ലാത്ത നേർവഴികൾ.
സ്വപ്നക്കിളിക്കൂടു തീർക്കാനിവർ
ക്കുണ്ടു ശിഷ്ടമല്ലാത്തൊരു ബാല്യകാലം.
ജയവിജയൻമാരിവർക്കായ് ലഭിക്കട്ടെ
യാകുലമില്ലാത്തൊരു വിശ്രമജീവിതമിനി.

കൃഷ്ണകുമാർ ചുനക്കര
സി.എച്ച്.സി. തുമ്പമൺ
പത്തനംതിട്ട

മരണത്തിന്റെ ദയ

ശ്രീ. കെ.പി. സജീർ
ഫാർമസിസ്റ്റ്

പൊടുന്നനെവന്ന കാറ്റിൽ കെട്ട് പോകുന്ന ജീവിതങ്ങളുണ്ട് ഭൂമിയിൽ. അതൊരു റോഡപകടമോ പീഢനമോ മസ്തിഷ്കാഘാതമോ ആകാം. അതോടെ നമ്മെ ജീവിക്കുന്നുവെന്ന് തോന്നിക്കുന്ന അകത്തെ നാളം എന്നന്നേക്കുമായി കെട്ട് പോകുന്നു. പിന്നെ അവർ അനന്തമായ അബോധത്തിന്റെ ദീനകിടക്കയിലാണ്. ആ ഇരുട്ടിന്റെ തുരങ്കത്തിൽ അകപ്പെട്ടു പോയവർ കാണുന്ന പ്രതീക്ഷയുടെ രശ്മിയാണ് ചിലപ്പോഴെങ്കിലും മരണം. ജീവിതത്തിൽ നിന്ന് ഞെട്ടറ്റു വീഴുകയും മരണത്തിന്റെ മണ്ണിൽ എത്താതിരിക്കുകയും ചെയ്യുന്ന പ്രാണന്റെ ഇല. അവരുടെ ദിവസങ്ങൾ അവരുടെ അനുമതിയില്ലാതെ കൃത്രിമമായി നാം നീട്ടിക്കൊണ്ടിരിക്കുകയാണ്. ജീവിതമല്ലാത്ത ദിവസങ്ങൾ.

കഴിഞ്ഞ മാസം മാർച്ച് 8 ന് സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവ് ഇവിടെയാണ് ശ്രദ്ധേയമാകുന്നത്. മരണത്തിന്റെ സ്വാഭാവികമായ ദയക്കുവേണ്ടിയുള്ള അവരുടെ അവകാശം ജീവിക്കാനുള്ള അവകാശത്തിന്റെ ഭാഗമാണെന്ന് കോടതി വ്യക്തമാക്കി. തനിക്ക് മടങ്ങി വരാനാവാത്തവിധമുള്ള 'കോമ' ഘട്ടത്തിലായാൽ വൈദ്യോപകരണങ്ങളുടെ സഹായത്തോടെ ജീവിതം നീട്ടേണ്ടതില്ലെന്ന ഒരാളുടെ വിൽപത്രത്തിന്റെ അടിസ്ഥാനത്തിലാണ് പരോക്ഷ ദയാവധം സാധ്യമാകുന്നത്. മെഡിക്കൽ ബോർഡ് ഈ അവസ്ഥയെ നിർണ്ണയിക്കേണ്ടതുണ്ടെന്നതടക്കമുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് ചീഫ് ജെസ്റ്റിസ് ദീപക് മിശ്ര അധ്യക്ഷനായ ഭരണഘടനാ ബെഞ്ച് പുറപ്പെടുവിച്ചത്.

വൈദ്യശാസ്ത്രപരമായും, ദൈവശാസ്ത്രപരമായും, ദാർശനികവും, നൈതികവുമായ പല ഘടകങ്ങൾ ഉൾച്ചേർന്ന, ഈ വിഷയവുമായി കോടതിയെ സമീപിച്ചത് കോൺകോസ് എന്ന സന്നദ്ധ സംഘടനയാണ്.

"തന്റെ ശരീരത്തിനു മേലുള്ള പീഢനങ്ങൾ തടയാനുള്ള ഒരാളുടെ അവകാശം എങ്ങനെയാണ് ഇല്ലാതാകുക. മാന്യമായി മരിക്കാനുള്ള അവകാശം ജീവിക്കാനുള്ള അവകാശത്തിന്റെ തന്നെ ഭാഗമാണ്. രോഗിയുടെ ഇഛയില്ലാതെ അവരുടെ ജീവിതം കൃത്രിമമായി നീട്ടിക്കൊണ്ട് പോകുന്നത് അവരുടെ മേലുള്ള പീഢനമാണ്. " ഹരജി ചൂണ്ടിക്കാട്ടി.

ആത്മഹത്യാശ്രമം കുറ്റവിമുക്തമാക്കാൻ തത്വത്തിൽ തീരുമാനിച്ചതായി കേന്ദ്രം കോടതിയെ അറിയിച്ചിട്ടുണ്ട്.

അരുണഷാൻ ബാഗ് (1948-2015)

ആശുപത്രി ജീവനക്കാരനാൽ ലൈംഗികപീഢനത്തിനിരയായി 42 വർഷത്തോളം അബോധാവസ്ഥയിൽ കിടന്ന് മരണപെട്ട അരുണ ഷാൻ ബാഗ് എന്ന നഴ്സാണ് പരോക്ഷ ദയാവധം എന്ന സാധ്യതയിലേക്ക് നീതിയുടെ വാതിൽ തുറന്നത്. സാമൂഹ്യ പ്രവർത്തകയും പത്രപ്രവർത്തകയുമായ പിങ്കി വിരാനി 2011 ൽ അരുണക്ക് ദയാവധം ആവശ്യപ്പെട്ട് കൊണ്ട് സുപ്രീം കോടതിയെ സമീപിച്ചിരുന്നു. കോടതി ഈ ആവശ്യം പരിഗണിച്ചില്ലെങ്കിലും ഇപ്പോൾ ഇന്ത്യ പരോക്ഷദയാവധം അംഗീകരിക്കപ്പെട്ട രാജ്യമായി മാറുമ്പോൾ പിങ്കി വിരാനിയുടെ നിയമപോരാട്ടം കൂടിയാണ് സഫലമാകുന്നത്.

2015ൽ ന്യൂമോണിയ ബാധയെ തുടർന്ന് ഷാൻ ബാഗ് മരണപ്പെടുകയായിരുന്നു. ആരോഗ്യ പ്രവർത്തകരും മനുഷ്യാവകാശ

പ്രവർത്തകരും ഈ വിധിയെ സ്വാഗതം ചെയ്തെങ്കിലും ഇത് ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യതയും ധാർമ്മിക പ്രശ്നങ്ങളും സംവാദത്തിന് വിധേയമാക്കണമെന്ന് അഭിപ്രായം ഉയർന്നിട്ടുണ്ട്.

ഡേവിഡ് ഗൂഡാൾ

ദയാവധത്തിന്റെ ചരിത്രത്തിലേക്ക് അസാധാരണമായ ഒരേട് എഴുതിച്ചേർത്താണ് 104 വയസ്സുകാരനായ ഡേവിഡ് ഗൂഡാൾ എന്ന ഓസ്ട്രേലിയൻ സസ്യ ശാസ്ത്രജ്ഞൻ യാത്രയായത്. യാതൊരു മാരക രോഗവും ഇല്ലാതിരുന്ന ഗൂഡാൾ ജീവിത വിരസതകൊണ്ടും ഉന്മേഷരാഹിത്യംകൊണ്ടും മരണം വരിക്കാൻ ആഗ്രഹിക്കുകയായിരുന്നു. ദയാവധം ഓസ്ട്രേലിയൻ നിയമവിധേയമാണെങ്കിലും മാരക രോഗങ്ങളൊന്നുമില്ലാത്ത ഒരാൾക്ക് അതിന് നിയമ തടസ്സങ്ങളുണ്ട്. അതിനാലാണ് ഗൂഡാൾ യഥേഷ്ടം മരണം വരിക്കാൻ അവസരമുള്ള സ്വിറ്റ്സർലാൻഡിലേക്ക് പോയത്. യാതൊരു വ്യവസ്ഥയുമില്ലാതെ ദയാവധം സാധ്യമാകുന്ന രാജ്യങ്ങളാണ് സ്വിറ്റ്സർലാൻഡ്, ജപ്പാൻ, ജർമ്മനി എന്നിവ

2018 മെയ് 10 രാവിലെ 10.30 ന് ഗൂഡാൾ സ്വിറ്റ്സർലണ്ടിലെ ബേസൽ ലൈഫ് ക്ലിനിക്കിൽ വെച്ച് മരണത്തെ തെരഞ്ഞെടുത്തു.

തനിക്കേറെ ഇഷ്ടപ്പെട്ട ബിഥോവന്റെ സംഗീതം ആസ്വദിച്ച് കൊണ്ട്.

ഗൂഡാളിന്റെ സ്വിസ് യാത്രക്കുള്ള വൈകാരികവും സാമ്പത്തികവുമായ പിന്തുണ നൽകിയത് ദയാവധത്തിനായി വാദിക്കുന്ന രാജ്യാന്തര സംഘടനയായ ഗ്രൂപ്പ് എക്സിറ്റ് ഇന്റർനാഷണൽ ആണ്.

Life

Anitha D.N.
GD Jagathy

Life is a journey, without destination
Life is dream, with full of fascination;
Life is a challenge, bringing adaptation
Life ia s struggle, wanting acceptation;
Life is a beauty, perfect for admiration
Life is a love, giving way for temptation;
Life is a music, with melodious sensation
Life is a memory, with events of recitation;
Life is a pain, letting in suffocation
Life is a laughter, with smiles of perfection;
Life is a beautiful, at different situation
Life is a blessing, gifted by god's creation.
This is the life.... The life of everlasting life.

കെ.സി. അജിത്കുമാർ വിരമിച്ചു



ഒരു വ്യാഴവട്ടക്കാലം കെ.ജി.പി.എ.യെ നയിച്ച മുൻ ജനറൽ സെക്രട്ടറി കെ.സി. അജിത്കുമാർ 31-07-2018 ന് സർവ്വീസിൽ നിന്നും വിരമിച്ചു. തലശ്ശേരി ജനറൽ ആശുപത്രിയിൽ നിന്നും സ്റ്റോർ സൂപ്രണ്ടായാണ് അദ്ദേഹം വിരമിച്ചത്. സംസ്ഥാനഫാർമസി കൗൺസിൽ പ്രസിഡണ്ടായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

അവഗണനക്കെതിരായ നിരന്തര പ്രക്ഷോഭത്തിന്റെയും അതിജീവനത്തിന്റെയും തീഷ്ണമായ കാലഘട്ടത്തിലായിരുന്നു അദ്ദേഹം കെ.ജി.പി.എ. യെ നയിച്ചത്. ആരോഗ്യവകുപ്പിലെ മരുന്നു സംഭരണത്തിലെ അഴിമതിക്കും, തീവെട്ടികൊള്ളകൾക്കുമെതിരെ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കെ.ജി.പി.എ. നടത്തിയ പ്രക്ഷോഭങ്ങൾ ചരിത്രത്തിന്റെ ഭാഗമാണ്. അഴിമതി രാജാക്കൻമാർ നിലംപരിശായ ആ പ്രക്ഷോഭങ്ങളെ തുടർന്നാണ് ഔഷധ സംഭരണ വിതരണ രംഗത്ത് ഉടച്ചുവാർക്കലുകൾ തന്നെയുണ്ടായത്.

ഫാർമസിസ്റ്റ് സ്റ്റോർകീപ്പർമാരുടെ ശമ്പള സ്കെയിൽ ഉയർത്തി നിശ്ചയിക്കുന്നതിനായി നിയമനടപടികൾ ആരംഭിച്ചതും അനുകൂലമായ കോടതി വിധി നേടിയെടുത്തതും അദ്ദേഹത്തിന്റെ കാലഘട്ടത്തിലാണ്.

സംസ്ഥാന ഫാർമസി കൗൺസിൽ പ്രസിഡണ്ടായതിനെതുടർന്ന് അദ്ദേഹം സംഘടനജനറൽ സെക്രട്ടറി പദം ഒഴിയുകയായിരുന്നു.

സംസ്ഥാനത്ത് ഫാർമസി നിയമം കർശനമായി നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾക്ക് അദ്ദേഹം തുടക്കം കുറിച്ചു. ഇന്ത്യാ ചരിത്രത്തിൽ ആദ്യമായി ഫാർമസി നിയമത്തിലെ സെക്ഷൻ 42 ലംഘിച്ചതിന് സ്വകാര്യ ആശുപത്രി ജീവനക്കാരനും, ഉടമയായ ഡോക്ടർമാർക്കുമെതിരെ ഫാർമസി കൗൺസിൽ കേസെടുത്തത് വിപ്ലവകരമായ തുടക്കമായിരുന്നു. തുടർന്ന് നാദാപുരം കോടതി ഇവരെ ശിക്ഷിക്കുകയും ഉണ്ടായി. ഫാർമസി നിയമങ്ങളുടെ ശക്തി ജനങ്ങളെയും, അധികാരികളെയും ബോധ്യപ്പെടുത്താനും അത് നടപ്പിലാക്കേണ്ടത് ജനങ്ങളുടെ ആരോഗ്യ സുരക്ഷക്ക് ആവശ്യമാണെന്ന് ഒരുപരിധിവരെ അംഗീകരിപ്പിക്കാനും കോടതിവിധി സഹായകമായി.

വ്യാജ ഫാർമസിസ്റ്റ് റജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഫാർമസി ഇൻസ്പെക്ടർമാർ കണ്ടെത്തിയതിനെതുടർന്ന് സർട്ടിഫിക്കറ്റുകൾ സെക്യൂരിറ്റി ഫീച്ചേർസ് ഉൾപ്പെടുത്തി നവീകരിക്കുകയും, സംസ്ഥാനത്തുടനീളം വിതരണം ചെയ്യുകയും ചെയ്തതും അദ്ദേഹത്തിന്റെ ധീരമായ പ്രവർത്തനങ്ങളിൽ ഒന്നായിരുന്നു. വൈറ്റ് കോർട്ട്സെറിമണി ആരംഭിച്ചതും ഔഷധ ബോധവൽക്കരണത്തിനുള്ള രണ്ട് ഡോക്യുമെന്ററികൾ തയ്യാറാക്കുകയും ചെയ്തതും ഇക്കാലത്താണ്. പ്രശസ്ത സംവിധായകൻ വേണുനായർ ആയിരുന്നു ഇവയുടെ സംവിധായകൻ.

ആരോഗ്യ ഔഷധ മേഖലയിലെ പ്രശ്നങ്ങൾ ശാസ്ത്രീയമായി പഠിക്കാനും, അവതരിപ്പിക്കാനും അദ്ദേഹത്തിനുള്ള കഴിവ് ഇനിയും ഈ മേഖലയുടെ ഉന്നമനത്തിനായി നീക്കിവെക്കും എന്ന് പ്രതീക്ഷിക്കുന്നു. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സിസ്റ്റം റിസർച്ച് തയ്യാറാക്കിയ ഫാർമസിസ്റ്റുമാർക്കുള്ള കൈപുസ്തകം തയ്യാറാക്കുന്നതിനും അദ്ദേഹം നേതൃത്വം നൽകി.

അദ്ധ്യാപികയായ ദീപ സി.വി.യാണ് ഭാര്യ, മക്കൾ അഞ്ജലി, കാർത്തിക (ഫാം.ഡി. വിദ്യാർത്ഥിനി)

ശ്രീ. കെ.സി. അജിത്കുമാറിന് കെ.ജി.പി.എ. സംസ്ഥാന കമ്മറ്റിയുടെ ആശംസകൾ.

പ്രളയദുരിതാശ്വാസത്തിന് കെ.ജി.പി.എ. യുടെ കൈത്താങ്ങ്

കേരളം നേരിട്ട സമാനതകളില്ലാത്ത പ്രളയ ദുരന്തത്തിൽ നിന്നും സംസ്ഥാനത്തെ കരകയറുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് കൈത്താങ്ങുമായി കെ.ജി.പി.എ. സംസ്ഥാനകമ്മറ്റി രംഗത്തെത്തി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് മൂന്ന്ലക്ഷം രൂപയാണ് കെ.ജി.പി.എ. സംഭാവനയായി നൽകിയത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന് അദ്ദേഹത്തിന്റെ ഓഫീസിൽവെച്ച് കെ. ജി.പി.എ. സംസ്ഥാനപ്രസിഡണ്ട് എ.എൻ. സുനിൽ സംഘടനയുടെ ചെക്ക് കൈമാറി. സംസ്ഥാനവൈസ് പ്രസിഡണ്ട് എസ്. വിജയകുമാർ, സെക്രട്ടറി അനിത ഡി.എൻ, ട്രഷറർ അഭിലാഷ് ജയറാം, സെക്രട്ടേറിയേറ്റംഗം എൻ. ശുഭ എന്നിവരും സന്നിഹിതരായിരുന്നു.

ഡ്യൂട്ടി സമയം പുനക്രമീകരിക്കണം

കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഫാർമസിസ്റ്റുമാരുടെ ഡ്യൂട്ടി സമയം നിശ്ചയിച്ചതിലെ അപാകത പരിഹരിക്കണമെന്ന് കെ.ജി.പി.എ. സംസ്ഥാനകമ്മറ്റി ആവശ്യപ്പെട്ടു. നേരത്തെ 5 മണിക്കൂർ ഡ്യൂട്ടി ഉണ്ടായിരുന്നത് 2008 ൽ ആണ് 6 മണിക്കൂറായി വർദ്ധിപ്പിച്ചത്. സംസ്ഥാന മൊട്ടാകെ പകർച്ചപ്പനി ഉണ്ടായപ്പോൾ നടത്തിയ ഈ സമയവർദ്ധനപിന്നീട് കുറവുവരുത്തിയിരുന്നില്ല. ഇപ്പോൾ ഡ്യൂട്ടി സമയം വീണ്ടും വർദ്ധിപ്പിച്ചത് 8 മണിക്കൂറാക്കുകയും, നേരത്തെ 1 മണിക്കൂർ 2 മണി വരെ ഉണ്ടായിരുന്ന ഉച്ചഭക്ഷണ സമയം ഇപ്പോൾ ഒഴിവാക്കുകയും ചെയ്തിരിക്കുന്നു.

ജീവനക്കാർക്ക് ഭക്ഷണസമയം പോലും നിഷേധിക്കുകയും ഒറ്റയടിയ്ക്ക് 2 മണിക്കൂറോളം വർദ്ധിപ്പിക്കുകയും ചെയ്ത നടപടി വിവേചനമാണെന്നും, ഡോക്ടർമാർക്ക് 5 മണിക്കൂറും, ഓഫീസ്, ഫീൽഡ് ജീവനക്കാർക്ക് 6 മണിക്കൂറം ജോലി. സമയം ഉള്ളപ്പോൾ ഫാർമസിസ്റ്റ്, പാരാമെഡിക്കൽ ജീവനക്കാർക്ക് മാത്രമായി 8 മണിക്കൂർ ജോലി സമയം എന്ന നിലപാട് അംഗീകരിക്കാനാവില്ലെന്നും സംസ്ഥാനകമ്മറ്റി ചൂണ്ടിക്കാണിച്ചു.

തുടർച്ചയായി പ്രിസ്ക്രിപ്ഷൻ പ്രകാരം മരുന്നുകൾ ഡിസ്പെൻസ് ചെയ്യുന്നത് മാനസിക പിരിമുറുക്കം ഉണ്ടാകുന്ന പ്രവർത്തിയായതിനാൽ ഡോക്ടർമാർക്ക് തുല്യമായ ജോലിസമയം മാത്രമേ ഫാർമസിസ്റ്റുമാർക്കും അനുവദിക്കാവൂ എന്നു സംസ്ഥാനകമ്മറ്റി ആവശ്യപ്പെട്ടു.

സംസ്ഥാനകമ്മറ്റി തീരുമാനങ്ങൾ

29-05-2018 ന് എറണാകുളം ശിക്ഷക്സദനിൽ ചേർന്ന കെ.ജി.പി.എ. സംസ്ഥാനകമ്മറ്റി തീരുമാനങ്ങൾ

1. വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് അംഗീകരിച്ച ഫാർമസി വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ്, ഡ്യൂട്ടീസ് ആന്റ് റസ്പോൺസിബിലിറ്റീസ് എന്നിവ എത്രയും വേഗം ഉത്തരവാക്കി ഇറക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.
2. ആരോഗ്യം, ഡി.എം.ഇ., ഇ.എസ്.ഐ. വകുപ്പുകളിലെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ ഉടൻ പി.എസ്.സി. നിയമനം നടത്തണമെന്ന് യോഗം ആവശ്യപ്പെട്ടു.
3. ഫാർമസി നിയമം, ഫാർമസി പ്രാക്ടീസ് റഗുലേഷൻ എന്നിവ കർശനമായി നടപ്പിലാക്കുന്നതിനുള്ള നിയമനനടപടികൾ ആരംഭിക്കുവാൻ തീരുമാനിച്ചു.
4. ഡി.ഡി.എം.എസ്. പോരായമകൾ പരിഹരിച്ച് നടപ്പിലാക്കി മാന്വലായ രജിസ്റ്ററുകളും മറ്റു ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു.
5. കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഫാർമസിസ്റ്റുമാരുടെ എണ്ണം മൂന്നാക്കി ഉയർത്താൻ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു.
6. മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽ ഫാർമസിസ്റ്റ് വിഭാഗത്തിന്റെ സ്പെഷ്യൽ റൂൾസ് ഉത്തരവാക്കി ഇറക്കണമെന്ന് ആവശ്യപ്പെട്ടു.
7. ജീവനക്കാരുടെ സ്റ്റാഫ് പറ്റേൺ പരിഷ്ക്കരിക്കാനും, ഫാർമസി വിഭാഗത്തിന്റെ വർക്ക് സ്റ്റഡി നടത്താനും നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു.
8. ഡെന്റൽ കോളേജുകളിൽ ഫാർമസി വിഭാഗം ആരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണമെന്നുംഎത്രയും വേഗം ഇതിനാവശ്യമായ തസ്തികകൾ അനുവദിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

9. ഫാർമസി വിഭാഗം തസ്തികാ നാമങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കണമെന്നാവശ്യപ്പെട്ടു.

10. ഇ.എസ്.എ. വകുപ്പിൽ ഫാർമസി വിഭാഗം കാലോചിതമായി പരിഷ്ക്കരിക്കണമെന്നും തസ്തികകൾ വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടു. രണ്ട് ഷിഫ്റ്റുകളുള്ള സ്ഥാപനങ്ങളിൽ ചുരുങ്ങിയത് രണ്ട് ഫാർമസിസ്റ്റ് തസ്തികകളും, മേജർ ആശുപത്രികളിൽ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികളും അനുവദിക്കണമെന്നും ആവശ്യപ്പെട്ടു.

ജില്ലകളുടെ സംഘടാ ചുമതല

തിരുവനന്തപുരം - വി. തങ്കച്ചൻ

കൊല്ലം & സംസ്ഥാന വനിതാ വിഭാഗം : ഡി.എൻ. അനിത

ആലപ്പുഴ : കെ. കെ. സതീഷ്കുമാർ

പത്തനംതിട്ട: ഇ. ജി. ബെന്നി

ഇടുക്കി : കെ.എം. സലീം

കോട്ടയം: ഡി. മുറാദ്

എറണാകുളം: സാജു കുര്യാക്കോസ്

തൃശ്ശൂർ : ടി.എൽ. മേരീസ്

പാലക്കാട് : കെ.ടി. സദാനന്ദൻ

മലപ്പുറം: എം.എസ്. മനോജ്കുമാർ

കോഴിക്കോട്: കെ.സി. ശശിധരൻ

വയനാട് : എം.കെ. പ്രേമാനന്ദൻ

കണ്ണൂർ : കെ.വിനോദ്കുമാർ

കാസർഗോഡ് : പി.വി. പ്രദീപ്കുമാർ

ഡി.എം.ഇ. : എസ്. വിജയകുമാർ

ഇ.എസ്.ഐ. : അബ്ദുൾസലാം

സബ്ബ് കമ്മറ്റി ഭാരവാഹികൾ

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

ചെയർപേഴ്സൺ : എൻ. ശുഭ

വൈസ് ചെയർപേഴ്സൺ: അജിത്. ടി. എസ്.

കൺവീനർ : പി. മുരളിമോഹൻ

ജോ. കൺവീനർ: കവിത.ബി. ഒ.

അംഗങ്ങൾ: ഡി. മുറാദ് (ആലപ്പുഴ), എസ്.വിജയകുമാർ (തിരുവനന്തപുരം), ഷോജ്. കെ.ബി. (തൃശ്ശൂർ), പി.എം. അഷ്റഫ് (ആലപ്പുഴ), എൻ.പി. പ്രദീപൻ (എറണാകുളം), സജികുമാർ (ചാരിപ്പള്ളി), ടി.സി. അബ്ദുൾ ജലീൽ (കോഴിക്കോട്)

ഇ.എസ്.ഐ. വകുപ്പ്:

ചെയർമാൻ: സി.എസ്. സന്തോഷ്കുമാർ

കൺവീനർ: ആർ. സന്തോഷ്കുമാർ

അംഗങ്ങൾ: അൻസുദ്ദീൻ അൻസാരി(തൃശ്ശൂർ), എം. രമേശൻ(കണ്ണൂർ), ജോമി വർഗ്ഗീസ് (എറണാകുളം), ഷീജ (തിരുവനന്തപുരം), എം.വി. മണികണ്ഠൻ (കോഴിക്കോട്), പി. ശ്രീലേഷ് (കോഴിക്കോട്), രഞ്ജിത്ത് (കോട്ടയം)

വനിതാവിഭാഗം:

ചെയർപേഴ്സൺ: ശ്രീവിദ്യ

വൈസ് ചെയർപേഴ്സൺ: നീനഫ്രാൻസിസ്

കൺവീനർ: കല വൈ പവിത്രൻ

ജോ. കൺവീനർ: കെ. സരസ്വതി

അംഗങ്ങൾ: കവിത ചന്ദ്രൻ (തിരുവനന്തപുരം) സുദിനകുമാരി (കൊല്ലം) ഫൗസിയ. എസ്. (ആലപ്പുഴ) ലീനബീഗം (പത്തനംതിട്ട), ശാന്തി. എസ്. (ഇടുക്കി), അനു. സി. തെങ്ങുംപള്ളി (കോട്ടയം), സജീനഅൽതാഫ് (എറണാകുളം), ആഗ്നസ്. എം. കെ. (തൃശ്ശൂർ) സജിലത (പാലക്കട്) ഷംല. യു.കെ. (മലപ്പുറം) ജീന. എം. (കോഴിക്കോട്) സാലിജോസഫ് (വയനാട്), ശ്രീജ.പി. (കണ്ണൂർ) ജയകുമാരിഅമ്മ (കാസർകോഡ്)

ഡി.എം.ഇ. ഫാർമസിസ്റ്റുമാരുടെ സീനിയോറിറ്റി സംരക്ഷിക്കണം.

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 25 -06-2018 ലെ ജി.ഒ. (എം.എസ്.) 87/2018 നമ്പർ ഉത്തരവനുസരിച്ച് എറണാകുളം സഹകരണ മെഡിക്കൽ കോളേജിലെ ജീവനക്കാരെ ഡി.എം. ഇ. യിലേക്ക് ലയിപ്പിക്കുകയുണ്ടായി. ഇതനുസരിച്ച് 13 ഫാർമസിസ്റ്റുമാരെയും അബ്സോർബ് ചെയ്തിട്ടുണ്ട്. 17-12-2013 മുതൽ മുൻകാല പ്രാബല്യത്തോടെ ഇവരെ ലയിപ്പിച്ചത് ഡി.എം. ഇ. യിലെ നിലവിലുള്ള ഫാർമസിസ്റ്റുമാരുടെ സീനിയോറിറ്റിയെ പ്രതികൂലമായി ബാധിക്കുന്നതാണ്.

പി.എസ്.സി. പരീക്ഷയിൽ ഉന്നതവിജയം നേടി മെറിറ്റിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട ജീവനക്കാരുടെമേൽ, മെറിറ്റിന് യാതൊരു പരിഗണനയുമില്ലാതെ പലവിധ ശുപാർശകളുടെ അടിസ്ഥാനത്തിൽ മാത്രം നിയമനം നടത്തുന്ന സഹകരണ ജീവനക്കാരെ തിരുകികയറ്റുന്നത് തികഞ്ഞ അനീതിയാണ്.

അതിനാൽ ഡി.എം.ഇ.യിൽ നിലവിലുള്ള ഫാർമസിസ്റ്റുമാരുടെ താഴെയായി മാത്രമേ സഹകരണ ജീവനക്കാരെ നിയമിക്കാവൂ എന്ന് കെ.ജി. പി.എ.ഡി.എം.ഇ. സബ്ബ് കമ്മറ്റി ആവശ്യപ്പെട്ടു.

ജില്ലാ വാർത്തകൾ

ആലപ്പുഴ

യാത്രയയപ്പ്യോഗം

കെ.ജി.പി.എ. ആലപ്പുഴ ജില്ലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ 31-07-18ന് സർവ്വീസിൽ നിന്ന് വിരമിക്കുന്നവർക്ക് യാത്രയയപ്പ് നൽകി. സ്റ്റോർ വെരിഫിക്കേഷൻ ഓഫീസർ എ. ഗോപാലകൃഷ്ണപിള്ള, ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ എന്നിവർക്കായിരുന്നു യാത്രയയപ്പ്.

ജില്ലാ പ്രസിഡണ്ട് കെ.എം. ജോർജ്ജ് അദ്ധ്യക്ഷനായിരുന്നു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. വസന്തദാസ് മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ സർവയലൻസ് ഓഫീസർ ഡോ. ജമുനാ വർഗ്ഗീസ് ഉപഹാരം സമർപ്പിച്ചു. ഡി. മുറാദ്, ഷീലോദേവി, രാജേഷ്കുമാർ.എസ്., അസീസ് ബിനു മുഹമ്മദ് എന്നിവർ ആശംസകൾ നേർന്നു. ജില്ലാ സെക്രട്ടറി പി. സജീവ് സ്വാഗതവും, മുൻജില്ലാ സെക്രട്ടറി സന്തോഷ്കുമാർ നന്ദിയും പറഞ്ഞു.

ഫാർമസി ബുള്ളറ്റിൻ വജ്രജൂബിലി പതിപ്പിന്റെ ജില്ലാതല വിതരണോദ്ഘാടനം ഡി.എസ്.ഒ. ഡോ. ജമുനവർഗ്ഗീസിന് നൽകികൊണ്ട് കെ.ജി.പി.എ. ജില്ലാ പ്രസിഡണ്ട് കെ.എം. ജോർജ്ജ് നിർവ്വഹിച്ചു.

നിവേദനം നൽകി

ആരോഗ്യ ഉപകേന്ദ്രങ്ങൾ വഴി ജീവിതശൈലീരോഗ നിയന്ത്രണ ക്ലിനിക്കുകൾ, സാന്ത്വനപരിചരണം, മാനിസിക ആരോഗ്യപദ്ധതി, ക്ഷയരോഗ നിർമ്മാർജ്ജനം, മറ്റ് കേന്ദ്രാധിഷ്ഠിത പദ്ധതികൾ എന്നിവയുടെ മരുന്നുകൾ ശാസ്ത്രീയമായി രോഗികൾക്ക് നൽകുന്നതിനും, ബോധവൽക്കരണം നടത്തുന്നതിനും എല്ലാ ഗ്രാമപഞ്ചായത്തുകളിലും പ്രത്യേക ഫാർമസിസ്റ്റുമാരെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിയമിക്കണമെന്നാവശ്യപ്പെട്ട് കെ.ജി.പി.എ. ആലപ്പുഴ ജില്ലാകമ്മറ്റി നിവേദനം നൽകി. ജില്ലാ പഞ്ചായത്ത്, ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾ തുടങ്ങി മുഴുവൻ തദ്ദേശ സ്വയം ഭരണ സ്ഥാപനമേധാവികൾക്കുമാണ് നിവേദനം നൽകിയത്.

തിരുവനന്തപുരം

ബിൽഡിംഗ് ഫണ്ട്

കെ.ജി.പി.എ. സംസ്ഥാനബിൽഡിംഗ് ഫണ്ടിന്റെ ആദ്യ ഗഡു തിരുവനന്തപുരം ജില്ലയിൽ നിന്നും സംസ്ഥാനകമ്മറ്റിക്ക് കൈമാറി. സംസ്ഥാനവൈസ് പ്രസിഡണ്ട് എസ്. വിജയകുമാറിൽ നിന്നും പ്രസിഡണ്ട് എ.എൻ. സുനിൽ തുക ഏറ്റുവാങ്ങി.

ഇടുക്കി

ജില്ലാ സമ്മേളനം

കെ.ജി.പി.എ. ഇടുക്കി ജില്ലാ സമ്മേളനം 20-4-2018 ന് ചെറുതോണി ലയൺസ് ക്ലബ്ബ് ഹാളിൽ നടത്തി. ജില്ലാ ആർ.സി.എച്ച് ഓഫീസർ ഡോ. സുരേഷ്‌വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. സംസ്ഥാനപ്രസിഡണ്ട് എ.എൻ. സുനിൽ മുഖ്യപ്രഭാഷണം നടത്തി.

ഭാരവാഹികൾ:

അരുൺ വേദവ്യാസൻ (പ്രസിഡണ്ട്), സാബു.സി., സ്മിത. കെ.എൻ. (വൈസ് പ്രസിഡണ്ടുമാർ), ശാന്തി രാജേഷ് (സെക്രട്ടറി) സിൽവി ജോർജ്ജ്, പ്രവീൺ.കെ.സി. (ജോ. സെക്രട്ടറിമാർ) ഷാജികുമാർ (ട്രഷറർ)

മലപ്പുറം

ഉണ്ണിക്കോയ സ്മാരക അവാർഡുകൾ വിതരണം ചെയ്തു.

21-ാം പി. ഉണ്ണിക്കോയ സ്മാരക അവാർഡുകൾ വിതരണം ചെയ്തു. മലപ്പുറം ജില്ലയിലെ എസ്.എസ്.എൽ.സി, സി.ബി.എസ്.ഇ. പരീക്ഷകളിൽ ഉന്നതവിജയം നേടിയ ആരോഗ്യവകുപ്പ് ജീവനക്കാരുടെ കുട്ടികൾക്കാണ് അവാർഡുകൾ നൽകിയത്. 32 വിദ്യാർത്ഥികൾക്കാണ് ഈ വർഷം അവാർഡ് ലഭിച്ചത്. കെ.ജി.പി.എ. നേതാവായിരിക്കെ അകാലത്തിൽ അന്തരിച്ച പി. ഉണ്ണിക്കോയയുടെ സ്മരണാർത്ഥമാണ് അവാർഡുകൾ നൽകുന്നത്.

അവാർഡ് കമ്മറ്റി ചെയർപേഴ്സൺ ഇ. സൗദത്ത് അദ്ധ്യക്ഷയായിരുന്നു. കെ. ഹംസ ഉണ്ണിക്കോയ അനുസ്മരണ പ്രഭാഷണം നടത്തി. ഫാർമസി കൗൺസിൽ എക്സിക്യൂട്ടീവ് അംഗം എസ്.സുഗതൻ, മൂസക്കുട്ടി.ടി.യു., കെ.ടി. സദാനന്ദൻ, ജ്യോതികുമാർ പുല്ലാനി, അനിൽചേകവർ, ഫരീദ. കെ. എന്നിവർ ആശംസകൾ നേർന്നു. അൻഷിത ബാബു കവിത ചൊല്ലി. മുന്നോട്ടുള്ള പ്രയാണത്തിൽ ഈ അവാർഡ് ഏറെ പ്രചോദനമാണെന്ന് അവാർഡ് ജേതാക്കൾ പറഞ്ഞു.

2017 ലെ ബി.ആർ അംബേദ്കർ സാഹിത്യശ്രീ ദേശീയ പുരസ്ക്കാരം നേടിയ പ്രഭാകരൻ നറുകരയെ യോഗത്തിൽ ആദരിച്ചു. അബ്ദുൾ റസാഖ് നാലകത്ത് സ്വാഗതവും, ശ്രീധരൻ മേലേതൊടി നന്ദിയും പറഞ്ഞു.

കോഴിക്കോട്

വിരമിച്ചു

സുരേഷ്ബാബു കുന്നത്ത്

കെ. ജി. പി. എ. മുൻ സംസ്ഥാനകൗൺസിൽ അംഗം, ജില്ലാ വൈസ് പ്രസിഡണ്ട്, ബ്രാഞ്ച് പ്രസിഡണ്ട്, ഇ.എസ്.ഐ. സബ്ബ് കമ്മറ്റി അംഗം തുടങ്ങിയ ചുമതലകൾ നിർവ്വഹിച്ച സുരേഷ്ബാബു കുന്നത്ത് 31-07-2018 ന് സർവ്വീസിൽ നിന്നും വിരമിച്ചു. ആരോഗ്യവകുപ്പ് ഡയറക്ട്രേറ്റിനു മുന്നിൽ മരുന്നു സംഭരണത്തിലെ അഴിമതിക്കെതിരെ നടത്തിയ മാർച്ചിലും, സെക്രട്ടേറിയേറ്റ്, ജില്ലാ ആസ്ഥാനങ്ങൾ എന്നിവയിൽ നടത്തിയ പ്രക്ഷോഭങ്ങളിലും പങ്കെടുത്തിട്ടുണ്ട്. കാപ്പിൽബീച്ച് (വർക്കല), കുമളി, അരുവിപ്പുറം എന്നിവിടങ്ങളിലെ സംഘടനാ ക്യാമ്പുകളിൽ പങ്കെടുത്തിട്ടുണ്ട്. നിലവിൽ വടകര ബ്രാഞ്ച് പ്രസിഡണ്ടായിരുന്നു. മികച്ച വാഗ്മിയും, സാമൂഹ്യ പ്രവർത്തകനുമായ അദ്ദേഹം നിരവധി ആരോഗ്യബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. പാലിയേറ്റീവ് കെയർ രംഗത്തും പ്രവർത്തിച്ചുവരുന്നു. വടകര ഇ.എസ്.ഐ. ഡിസ്പൻസറിയിൽ നിന്നുമാണ് വിരമിച്ചത്.

പാരമ്പര്യ ആയുർവ്വേദ വൈദ്യ കുടുംബത്തിലെ അംഗമാണ്.

കെ. രാജൻ

കെ.ജി.പി.എ. ബാലുശ്ശേരി ബ്രാഞ്ച് പ്രസിഡണ്ട്, ജില്ലാ ട്രഷറർ, വൈസ് പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ച കെ. രാജൻ സർവ്വീസിൽ നിന്നും വിരമിച്ചു. 1997 ൽ കോഴിക്കോട്ട് നടന്ന 40-ാം സംസ്ഥാനസമ്മേളനം മുതൽ സംഘടനയിൽ സജീവമായി പ്രവർത്തിക്കുന്നു. തന്റെ സത്യസന്ധവും, ആത്മാർത്ഥവുമായ ശൈലിയാൽ സഹപ്രവർത്തകരുടെ ആദരവുനേടിയ വ്യക്തിത്വമാണ്. കട്ടിപ്പാറ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ നിന്നാണ് അദ്ദേഹം വിരമിച്ചത്.

കട്ടിപ്പാറ ഗ്രാമപഞ്ചായത്തും ജനപ്രതിനിധികളും ചേർന്ന് അദ്ദേഹത്തിന് പ്രത്യേകമായി യാത്രയയപ്പ് നൽകി അദ്ദേഹത്തിന്റെ ജനോപകാരപ്രവർത്തനങ്ങളെ ആദരിക്കുകയുണ്ടായി. ബാലുശ്ശേരി സ്വദേശിയാണ് ഭാര്യ സീന. മക്കൾ അഖിലാരാജ് (ലാബ് ടെക്നീഷ്യൻ, ബാലുശ്ശേരി താലൂക്ക് ആശുപത്രി) അമർ രാജ് (ടെക്സ്റ്റയിൽസ് ടെക്നോളജി വിദ്യാർത്ഥി)

യാത്രയയപ്പും, അനുമോദനവും

കെ.ജി.പി.എ. കോഴിക്കോട് ജില്ലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ 9-8-18ന് സർവ്വീസിൽ നിന്നും വിരമിച്ച ഫാർമസിസ്റ്റുമാർക്ക് യാത്രയയപ്പ് നൽകി. മുൻ ജില്ലാവൈസ് പ്രസിഡണ്ടും, സംസ്ഥാനകൗൺസിൽ അംഗവുമായിരുന്ന സുരേഷ്ബാബു കുന്നത്ത്, മുൻ ജില്ലാ ട്രഷററും ബാലുശ്ശേരി ബ്രാഞ്ച് പ്രസിഡണ്ടുമായ കെ. രാജൻ എന്നിവർക്കായിരുന്നു യാത്രയപ്പ്. നിപ്പാ പ്രതിരോധ പ്രവർത്തനങ്ങളിൽ മികച്ച സേവനം കാഴ്ചവെച്ച ജില്ലയിലെ ഫാർമസിസ്റ്റുമാരെ ആദരിക്കുകയും ചെയ്തു.

ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ശ്രീകുമാർ മുകുന്ദൻ മുഖ്യപ്രഭാഷണം നടത്തി. എസ്.വി.ഒ. എം. ശോശാമ്മ, സ്റ്റോർ സൂപ്രണ്ടുമാരായ അബ്ദുൾ മജീദ്, ചന്ദ്രമതി, എൻ. സജി, വിനോദ്കുമാർ കെ.കെ, കെ.എം.എസ്.സി.എൽ അസി. മാനേജർ ടി. സതീശൻ, ഫാർമസി ബുള്ളറ്റിൻ എഡിറ്റർ എം.കെ. പ്രേമാനന്ദൻ, ജോയ് എബ്രഹാം, കെ. ശ്രീനാഥൻ, പി. മുരളി മോഹൻ എന്നിവർ സംസാരിച്ചു. ജില്ല പ്രസിഡണ്ട് കെ. രൂപേഷ് അധ്യക്ഷനായിരുന്നു. എൻ.വി. ആദർശ് സ്വാഗതവും പി. ശ്രീലേഷ് നന്ദിയും പറഞ്ഞു.

യാത്രയയപ്പ്

കെ.ജി.പി.എ. ബാലുശ്ശേരി ബ്രാഞ്ച് കമ്മറ്റിയുടെ (കോഴിക്കോട്) ആഭിമുഖ്യത്തിൽ സർവ്വീസിൽ നിന്ന് വിരമിച്ച കെ.ജി.പി.എ. മുൻ ജില്ലാ ട്രഷററും, ബ്രാഞ്ച് പ്രസിഡണ്ടുമായ കെ. രാജന് യാത്രയയപ്പ് നൽകി. ബാലുശ്ശേരി ഹോട്ടൽ ബ്ലൂസ്റ്റാറിൽ നടന്ന യോഗത്തിൽ ബ്രാഞ്ച് പ്രസിഡണ്ട് കെ. മഞ്ജുഷ അദ്ധ്യക്ഷത വഹിച്ചു. മുൻജില്ലാ പ്രസിഡണ്ട് സി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഫാർമസി ബുള്ളറ്റിൻ എഡിറ്റർ എം.കെ. പ്രേമാനന്ദൻ പൊന്നാട അണിയിച്ചു. ജില്ലാ സെക്രട്ടറി എൻ.വി. ആദർശ് ഉപഹാരം നൽകി. മനോജ്കുമാർ, സോജി.പി., ലിജ. കെ, വിജയൻ എന്നിവർ ആശംസകൾ നേർന്നു. കെ. ശ്രീനാഥൻ സ്വാഗതവും, എം.കെ. ബാലകൃഷ്ണൻ നന്ദിയും പറഞ്ഞു.

DRUG STORE MANAGEMENT

As per Circular No.MSA6-8489/05/DHS Directorate of Health Services, Thiruvananthapuram, Dt.7.5.05
(Ref : Govt.Lr.No: 3947/H2/2005/H&FWD. dt : 21.3.05)

The term "Stores" means all articles and materials (other than cash and documents) which come into the possession of a Govt.servant for use in Public Service. This term does not, however, include items like dietary articles of the animals in zoos, sundry articles like fuel, charcoal, dietary products etc.

The store room should have adequate space to keep various categories of drugs, instruments, equipments, linen, bedding and clothing and combustible items like spirit, Glycerin, etc. Racks and cupboards should be provided to keep drugs in alphabetic order classifying injections, tablets and other items. Potency of drugs will deteriorate in abnormal variation in storage temperature and in wet and moisture. The store room should be kept neat and tidy as in the case of pharmacy. Inj.Insulin, Tetanus Toxoid and Vaccines should not be indented or procured unless there is Refrigerator or ILR in working condition in the institution.

ANNUAL INDENT

Annual indents should be prepared realistically taking into consideration of average consumption of each and every items for the last 3 years + 5 to 10%. The custodians will only responsible for unwanted materials indented.

STOCK REGISTER

1. A Stock register will be an official Stock Register if it is serially page numbered and certified in first page
2. Index of the items entered in stock register should be written in 2nd and 3rd pages. And annual physical verification certification in the last pages.
3. All items carried over to the new Volume of stock register from old one should be in a particular date especially on 1st April of every year noting the corresponding page numbers in both Registers i.e. Carried over to Page of Vol.2 and brought forwarded from Page-of Vol.1. A certificate to that effect has to be recorded in 1st page of the respective volumes.

RECEIPTS

1. All receipts should be noted in red ink and all issues in ordinary ink duly initialed by the custodian on the remarks column.
2. Quantities received, unit, unit price, total quantity (opening balance + quantity received) Batch No.D/M/, D/.E Name of firm should be noted in appropriate columns.
3. Supply of medicines and other items from DMS,FW,UIP etc. are made under an Issue Note in triplicate, No, items should be taken to stock from any source unless under an Issue Note.
4. The Custodian after satisfying to the correctness and the condition of the items received, should return the original copy of the Issue Note immediately duly acknowledged and office seal affixed. He should not make any correction, over writing, or checks-marking in the original copy of the Issue Notes. If any discrepancy or defect in the condition of any item received is noticed, he should report the fact to the issuing officer immediately.
5. The duplicate copy of the Issue Notes, after taking all the items into stock with batch No, date of expiry, price per unit, Page No. and volume No. of the stock register in red ink against each item in the Issue Notes should be signed and seal affixed and filed in the Issue Note file chronologically year wise.
6. The custodian before signing in the duplicate copy of the Issue Note should satisfy that these requirements have been fulfilled.
7. The custodian should ensure that drugs or any other articles which are not Indented are not received. If supplied such items by Issuing Officer, the receiving Officer (Custodian) shall refuse to accept such articles or articles supplied over and above the quantity actually Indented for.
8. Every article received from any source (instruments, equipments including X-ray films, Lab Chemicals etc.) should be taken to stock in the respective main stock register of the institutions and then it could be issued to the concerned sections on proper indents. The custodian of the main stock should ensure that all such items issued to sub stock custodians are entered in their respective sub stock registers with unit price and got their acknowledgement in the respective page of the item in the main stock register.

REGISTER OF LOCAL PURCHASE

A register of local purchase has to be maintained in every store of the institutions were local purchase are made.

1. The custodian should ensure that the cost of each item purchased are in conformity with CPC price list in the case of Bulk purchase or within the maximum Retail price in the case of piece meal purchase and ST claimed limited to 4%. He should also ensure that the items purchased are as per NAC issued by Store Superintendent. DMS concerned and also as per purchase order placed by the head of the institution concerned duly recommended by the RMO in the case of Major Hospitals. The custodians should not issue NAC for the items which are in stock. He may pointed out any discrepancy noticed in this regard in writing to the Head of the Institutions and got his specific orders before such items are taken to stock and stock entry certified.
2. Date, Bill No and date, Unit price, Quantity, Total Cost, D/E etc, has to be noted in the concerned columns in stock entry with initials.
3. When instruments and equipments are local purchased, stock entry should be made simultaneously in the main stock book of instruments and equipments and the stock book page number should be noted against the stock entry in the register of local purchases.

INDENTS (Weekly)

Indents should be signed by the indenting Officer (Pharmacist/Staff Nurse/JPHN/LHI/HI etc.) and counter signed by the M.O in charge. Quantity issued should be noted in red ink under the initial of the Pharmacist/Pharmacist Store Keeper/Stores Superintendent (issued 'X' items) and at the time of issue, receipt of the articles should be acknowledged by the indenting officer (Received 'X' items correctly)

Separate indent books should be maintained for each section

ISSUE SYSTEM

1. Medicines :- Weekly issue with weekly stock entry is the most advisable issue system. Drug required for more than one week should not be indented for, or issue from the store.

Instruments & Equipments :-

a) Instruments can be issued as in the case of medicines, but two additional columns should be provided, after column for the initial of the issuing authority. One for noting the page No. of the Sub Stock Register of instruments of the Ward/Section in which the article is taken to stock and the other for obtaining signature of the recipient with name and designation.

b) A sub stock register of instruments and equipments has to be maintained in each Ward/Section in the format of the main stock book with appropriate changes needed for the purpose. It should contain details such as date of receipt, from whom received, numbers received, previous balance, total price per unit and initial of the Officer in charge of the sub stock register concerned.

Storage condition for the storage of Drugs

The rules under the Drugs and Cosmetic act specifies the various storage condition.

Cold Any Temperature not exceeding 8^0c and usually between 2^0c and 8^0c. A refrigerator in Cold Place in which the temperature is maintained thermostatically between 2^0c and 8^0c.

Cool Any temperature between 8^0c and 25^0c.

Room Temperature The temperature prevailing in a working area

Warm- Any temperature between 30^0c and 40^0c

Excessive heat Any temperature above 40^0c

Storage under non specific condition- Where no specific direction are indicated in the individual Monograph, It is to be understood that the storage condition includes protection from Moisture, freezing and excessive heating.

REGISTER OF UNSERVICEABLE ARTICLES

A Register of unserviceable articles has to be maintained in each/section in the following peroforma.

Sl No	Name of article	No/Qty	Date of Receipt	Price per Unit	Ground on which the article became unserviceable	Initial of the officer incharge
1	2	3	4	5	6	7

1. When the articles become unserviceable, ward/section wise list should be prepared by the sub stock custodians and furnished to the store. Consolidation of such lists can be made at the store level in KFC Form 21(Survey Report) for condemnation and write off and on receipt of sanction from competent authority such items can be deducted from the stock register of unserviceable articles kept in each ward/section concerned

Register of condemned Articles:

A Register of condemned articles is to be maintained in each Ward/Section to carry a summary of each sanction order for condemnation. Entries in this Register should be attested by the Medical Officer in charge/Store Superintendent. And after this the original sanction order should be kept in the store in a separate file.

Slow moving/Stagnant Drugs:

Whenever a drugs becomes slow moving or stagnant the custodian pharmacist/pharmacist-store keeper/Store Superintendent should report the matter to the head of the institution concerned at once and the head of the institution should report the matter to the DMOH concerned at least 6 months before its date of expiry. At the same time he shall arrange to transfer the Drug to any neighbouring needy institutions. When the matter thus reported to DMOH concerned, the fact that the (letter No. and date of the custodian and the head of the institutions) may be noted of the stock book page of the Drug concerned. The correspondence file in this regard should be kept safely for feature reference as a permanent record and should be handed over whenever custodians are transferred. The slow moving communication by DMOH concerned should be kept in the file. All these correspondence letter Nos. with days will enable the custodian to fill up the column No.of KFC Form 21.

Whenever survey report are prepared for condemnation of the date expired drugs.

Drugs Transferred IN and Transferred OUT

1. Any item transferred out to other institution being slow moving/stagnant/loan basis etc. should be with issue notes in duplicate duly signed by the issuing Officer. Receipts should be obtained for the items thus transferred out from the recipient officer.

   The items thus transferred out should be deducted from the stock showing to which institution thus transferred

2. Proper receipt should be issued for the items transferred in from other institution (Original and Duplicate). The duplicate copy of such receipts and the duplicate copy of the issue note and original receipts described in Para 1 above should be kept in Issue Note file noted the page No. and stock register volume in Red against each item.

Sub Standard Drugs:

Whenever a drug is declared as substandard or when a drug is found to be of substandard quality such as colour change or decomposed in the case of Tablets or sediments/precipitate formed in the case of injections, I.V.Fluids or liquid preparations; the usage of that drug should be stopped immediately and the matter should be reported to the DMOH and Stores Superintendent/District Medical Stores concerned with necessary details.

Dead Stock Register:

A dead stock Register has to be maintained in the store in the following preforms:

Sl. No	Name of Drug	Qty	Price Per unit	Date of Receipt	D/E	Ground on which the drug date expired	Action taken to utilize it before date of expiry	Action taken to dispose it	Initials of Custodian
1	2	3	4	5	6	7	8	9	10

a. When a drug is found date expired or a drug is declared as substandard the stock of the same should be transferred to the dead stock Register with cross reference of page No. in both registers.

b. Date of expiry of a drug will usually be printed on its container/packets. In case it is noted in date, month and year it can be used only up to the last day of the preceding date, month, and year as the case may be; according to chemical stability of incredients and wide letter No.G3-19382/91/GMS. Dated 4.12.1991 of the DHS, Trivandrum.

c. The rule those medicines having no expiry date printed on its packing/cartons should not be used after 60 months of its manufacturing dates. This rule came into effect in March 1987 wide Government notification No.5227/A/87/H&FWD/DTD, 28.2.87 Of health and Family Welfare(F) Department published in Kerala Gazette No.13 dated 31.3.87

d. In the case of date expiry drugs a Survey Report in KFC Form 21 should be prepared in Quadruplicate. This Form is applicable in all Departments of Kerala for condemnation of articles. Hence Batch No. and date of expiry has to be noted in the Form for each date expired drugs.

e. Financial Powers of heads of Institutions in Health Services Department specified in Annexure I fore condemnation of the date expired drugs and unserviceable articles.

F.W.U.I.P. COASTAL HEALTH, LEPROSY CONTROL ETC.

1. Separate Stock Register, sub stock Register and Indent Books should be maintained for FW, U.I.P.etc of medicines and other articles. F.W.medicinesare indented exclusively for FW purpose. It should not be issued in normal situation to the patients from General side. But in the case of drugs nearing date of expiry, stock of such drugs shall be transferred to the General stock 3 months before the date of expiry. In the eventuality of drugs in any item of drug in general stock has completely exhausted and at the same time if the same item is available in FW stocks sufficiently, the urgent requirement may be met by transferring the item form FW stock to General Stock as loan basis.

This item should be retransferred to FW stock as and when fresh stock received in general side.

2. Stock and stock accounts of FW, UIP, Coastal Health, Leprosy, T.B. etc should be handled by the pharmacist/pharmacist store keeper/ store superintendent as the case may be. It should not be entrusted to any other incumbents as per Drugs&Cosmetic Rules1945.

RESPONSIBILITY

Responsibility for up keep of stores and discrepancies occurring in stock accounts will be as follows:

1.	Pharmacist	:	Primary Responsibility where there is no post of pharmacist storekeeper
2.	Medical Officer	:	Joint responsibility for lac of supervision-where there is not Post of pharmacist store keeper.
3.	Pharmacist Store Keeper	:	Primary responsibility where there is no post of Store Superintendent
4.	R.M.O	:	Joint Responsibility as per provision in para 9 of G.O.(Rt) No. 2708 / 93 / H&FWD/dated 14.1.92/ and Letter No.39575/92/DHS.dtd.16.5.94
5.	Store Superintendent	:	Primary Responsibility and Joint responsibility to RMO as Stated above and pharmacist store keeper as per Article 303B (iii) of KFC Vol.I

SUB STOCK ACCOUNT

1. Sub Stock Registers has to be maintained in Pharmacy, Wards and other sections for the following categories of items received from the store as per indent

a) Accountable Drugs and Non accountable Drugs.

b) Habit forming drugs such as Inj.Pethidine HCL, Inj.Morphine Sulphate, Inj.Diazepam,.Tab.Diazepam, Tab Phenobarbitone etc.

c) Vaccine by LHI

d) Serums & Chemicals for Blood Banks.

e) Laboratory items

f) X-ray Films & Chemicals.

g) Instruments and equipments in Wards, PP Units, and LHT, main Centre, Jr.PHN/Staff Nurse.

2. Stock Register should be basically in the format of the main stock Book.

3. All items as per Issue Notes for FW and UIP Schemes should be taken to concerned Main Stock Account and then issued to Lady Health Inspector and Health Inspector as per indent duly sanctioned in the Medical Officer.

   As per G.O(P) 225/83/HD/Health (P) Department dated 18.8.83 vide item No.3-17 the Lady Health Inspectors and Health Inspectors have to maintained sub stock Registers for the items they received as per indent and supply the items to JPHNs and JHIs respectively for their field operations.

4. In respect of transactions between in a main store and the sub store it is essential that there should complete re-conciliation of the issues from the Main Store and the receipts in the sub stock which issues are effected from the Main Store. Acknowledgement of the custodians of sub stock should be obtained in the indent in the case of medicines. In the case of linen, instruments and equipments the acknowledgement of the custodian of the sub stock should be get in the Main Stock Register in which the items entered in that register.

5. Date of receipt and quantity received from the Main Store should be noted legibly in red ink in sub stock register.

6. Daily transactions has to be entered patient wise in the case of accountable drugs and total quantity issued daily in the case of non accountable drugs and all entries should be attested by the stock custodians concerned.

7. Name of drug and date of transaction (date, month and year) should be noted on each page of the register.

8. When a Volume is closed a new Volume is opened. The old Volume should be kept safely noting the name of sections, Volume No,.and period From To, on the cover page. Name of custodian should also be noted on the fly-leaf of each Volume and change of custodian with date.

INSTITUTIONAL RESPONSIBILITY:

In order to ensure that sub stock is carefully handled and sub stock registers are properly maintained, the Medical Officer/RMO/ARMO.

RESPONSIBILITY

1.	Pharmacy	-	Pharmacist
2.	Ward	-	Staff Nurse
3.	Laboratory	-	Lab Technician
4.	Blood Banks	-	Blood Bank Technician
5.	X-Ray	-	Radiographer
6.	Ophthalmology	-	Ophthalmic Assistant/Orthoptist
7.	FW&UIP	-	Lady Health Inspector
8.	PP Unit	-	Lady Health Inspector
9.	Contraceptives	-	Health Inspector
10.	OP&Inj.In PHCs	-	Junior PHN/Staff Nurse Main Center
11.	Furniture Office	-	Clerk

Handing over charge:

Whenever an officer who is entrusted with the custody of stores in an institution is transferred the relieving officer should verify the stock of stores with the stock Accounts, Certify on the Stock Account as to the correctness of the stock taken over the report the result of verification to his immediate superior.

ANNEXURE-II

REGISTERS TO BE MAINTAINED

Primary Health Centres to Major Hospitals

1) Stock Register of Medicines-General, (2)Stock Register of Medicines-FW, (3)Stock Register of Medicines-UIP(4) Stock Register of Medicines-Tribal Health, (5) Stock Register of Accountable Medicines-General, (6)Stock Register of Habit forming drugs-(7)Stock Register of Instruments and Equipment-General, (8)Stock Register of Instruments and Equipments-FW & UIP, (9)Stock Register of Bedding and Clothing,(10) Stock Register Vaccines, Serums, (11)Stock Register X-ray Lab items, (12) Stock Register of Local Purchase,

(13)Stock Register of Donated items, (14) Stock Register of Cylinders and Gas, (15) Stock Register of Furniture, (16) Stock Register of Dead stock Register, (17) Stock Register of Condemnation Register, (18) Stock Register Empties, (19) Register of Registers, (20) Register of Issue Notes, (21)Register of Annual Indent, (22) Register of Employee

ANNEXURE III

Drugs coming under the following price level should treated as Accountable drugs.

1.	INJECTIONS	-	Rs 20/- and above per normal Inj.Unit
2.	TRANSFUSION FLUID	-	Rs 75/- and above per bottle
3.	CAPSULE	-	Rs 5/- and above per cap
4.	TABLET	-	Rs 5/- and above per tablet
5.	SYRUP/SUSPENSION	-	Rs 40/- and above per bottle
6.	EYE/EAR DROP/NASAL DROPS	-	Rs 30/- and above per vial
7.	OINTMENT	-	Rs 30/- and above per tube
8.	SUPPOSITORY	-	Rs. 20/- and above

STOCK/SUBSTOCK REGISTER

1. All pages are to be numbered serially and the same to be certified in the 1st page as "Certified that this register contains............ Pages serially numbered 1 to ...."
2. Index on page No.2 & 3
3. Annual Physical Verification Certificate & Charge handing over and taking over records in the last page as " Annual Physical verification of stores done 31.3...."
4. "Charge handed over to Sri/Smt.......................... on the FN/AN of.........." (Sd-, Name, Designation)
5. "Charge taken over from Sri/Smt.......................... on the FN/AN of.........." (Sd-, Name, Designation)
6. All items to be carried over to a new volume to stock register on particular date especially on 1st April every year in the last page of the respective volumes as "Certified that all the items in this register have been carried over to volume on ..... (Date) "
7. "Certified that all the items in this register have been brought forwarded from the old volume on .....(Date) "
8. All items to be carried over to the pages of new volume of Stock Register on particular date especially on 1st of April every year noting the corresponding page numbers in both registers as "carried over to page.............. of volume..............for the year.............."
9. "Brought forwarded from page ....of volume...........for the year........"

REGISTER OF ISSUE NOTES

Sl No	Issue Note No & date	Date of Receipt	Nos. of Sheet	Total Amount	Date of Return of the Original Copy	Initials the Custodian
1	2	3	4	5	6	7

REGISTER OF UN-SERVICEABLE ARTICLES

Sl No	Name of article	Qty	Date of Receipt	Price/Unit	Ground on which the article became un-serviceable	Initials the Office in Charge
1	2	3	4	5	6	7

REGISTER OF CONDEMNED ARTICLE

Sl No	List of Condemned item	Sanction Order No & Date	Signature of the M.O/i/c., Store Supdt
1	2	3	4

DEAD STOCK REGISTER

Sl No	Name of Drugs	Qty	Price/Unit	Date of Receipt	Date of Expiry	Ground on which the drug date expired	Action taken to utilize it before DOE	Action taken to dispose it	Initialas of the custodian
1	2	3	4	5	6	7	8	9	10

SUB STOCK INDENT BOOK

Sl No	Date	Name of Items	Name of Mfg	Batch No	Mfg Date	Exp Dt	Vol No	Page No	Balance in hand	Qty indented	Qty Intended	Qty issued from main store	Signature of the issuing Officer

Total number of items issued...

Indented	Issued correctly	Sanctioned
Signature	Signature	Signature
Name & Designation	Name & Designation	Name & Designation



കെ. വത്സരാജ്


ഒന്ന് ശ്രമിച്ചു നോക്കിയതാ.....
20 വർഷത്തിന് ശേഷം
വീണ്ടും പെൻസിൽ എടുത്തു
കണ്ണൂർ ജില്ലാ ആശുപത്രിയിൽ വത്സരാജേട്ടന്റെ
കീഴിലായിരുന്നു എന്റെ ട്രെയിനിംഗ്.
പ്രണാമം.... രാജീവ്
താലൂക്ക് ആശുപത്രി-
മംഗൽപാടി, കാസറഗോഡ്

കണ്ടംമ്നേഷൻ
CONDEMNATION

ആരോഗ്യകേന്ദ്രങ്ങളിൽ ഉപയോഗിക്കുന്ന ഉപകരണങ്ങൾ, ഫർണിച്ചറുകൾ, കിടക്കകൾ, ഷീറ്റുകൾ മറ്റു സാധനസാമഗ്രികൾ എന്നിവ ദീർഘകാലത്തെ ഉപയോഗത്തെ തുടർന്ന് ഉപയോഗിക്കാൻ പറ്റാതാവുമ്പോൾ (Unserviceable) സ്റ്റോക്കിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും നീക്കം ചെയ്യുന്നതിനാണ് കണ്ടംമ്നേഷൻ നടപടികൾ ആവിഷ്ക്കരിച്ചിരിക്കുന്നത്.

ഒരു ഉപകരണം / സാധനസാമഗ്രി കേട് വന്നാൽ റിപ്പയർ ചെയ്ത് ഉപയോഗിക്കേണ്ടതാണ്. റിപ്പയർ ചെയത് ഉപയോഗിക്കാൻ സാധിക്കാത്തതോ, റിപ്പയർ ചെയ്യുന്നത് അധികച്ചെലവ് വരുത്തുമ്പോഴോ അവ കണ്ടംമ്നേഷൻ നടത്തി നീക്കം ചെയ്യേണ്ടതാണ്.

നിശ്ചിത ഇടവേളകളിൽ (വർഷത്തിൽ ഒരിക്കൽ) കണ്ടംമ്നേഷൻ നടത്തി സ്ഥാപനങ്ങളിൽ ഉപയോഗയോഗ്യമല്ലാത്ത സാമഗ്രികൾ അടിഞ്ഞു കൂടുന്നത് ഒഴിവാക്കാൻ എല്ലാ (Stock/Substock) ചുമതലയുള്ളവരും ശ്രദ്ധിക്കേണ്ടതാണ്.

ഉപയോഗയോഗ്യമല്ലാത്ത സാധനങ്ങളുടെ രജിസ്റ്റർ (Register of unserviceable Articles)

ആരോഗ്യകേന്ദ്രത്തിലെ ഫാർമസി, ഒ.പി., കുടുംബക്ഷേമവിഭാഗം, വാർഡുകൾ, ലാബോററ്ററി തുടങ്ങി എല്ലാ വിഭാഗങ്ങളിലും നിശ്ചിത മാതൃകയിലുള്ള ഈ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഏതെങ്കിലും ഉപകരണം പൂർണ്ണമായും ഉപയോഗിക്കാൻ പറ്റാതാവുമ്പോൾ, ബന്ധപ്പെട്ട വിഭാഗത്തിലെ ഉപസ്റ്റോക്ക് രജിസ്ട്രറിൽ നിന്നും (Substock Register) ഉപയോഗയോഗ്യമല്ലാത്ത വസ്തുക്കളുടെ രജിസ്ട്രറിലേക്ക് മാറ്റേണ്ടതാണ്. രണ്ടു രജിസ്റ്ററുകളിലും ഇക്കാര്യം രേഖപ്പെടുത്തണം. ബന്ധപ്പെട്ട ഉപസ്റ്റോക്ക് കസ്റ്റോഡിയൻമാർക്കാണ് ഈ ചുമതല.

സ്റ്റോറുകളുടെ സർവ്വേ റിപ്പോർട്ട് (Survey Report of Stores)

കണ്ടംമ്നേഷൻ നടത്തേണ്ട വസ്തുക്കളുടെ സർവ്വേ റിപ്പോർട്ട് കെ.എഫ്.സി. ഫോറം 21ൽ വാർഡ് / സെക്ഷൻ തലത്തിൽ തയ്യാറാക്കുകയാണ് കണ്ടംമ്നേഷൻ നടപടികളുടെ ആദ്യപടി. ബന്ധപ്പെട്ട സെക്ഷനുകളിലെ സ്റ്റോക്ക് ചുമതലയുള്ള ഉദ്യോഗസ്ഥരാണ് അതാതു സെക്ഷനുകളിലെ Unserviceable Articles Register ൽ നിന്നും സർവ്വേ റിപ്പോർട്ട് കൃത്യമായി പൂരിപ്പിച്ച് ഒപ്പിട്ട് സമർപ്പിക്കേണ്ടത്.

സാക്ഷ്യ പത്രങ്ങൾ (Certificates)

സർവ്വേ റിപ്പോർട്ടിൽ താഴെ പറയുന്ന സാക്ഷ്യ പത്രങ്ങൾ ചേർക്കേണ്ടതാണ്.

1. Certified that the item become unserviceable in the ordinary course through proper usage or by fair wear and tear.

2. Certified that the unserviceable items cannot be made serviceable by repair at reasonable cost.

3. Certified that I have personally satisfied myself that the items are fit for condemnation.

4. Certified that the condemned items cannot be reused.

എളുപ്പത്തിൽ നശിക്കുന്ന വസ്തുക്കൾക്കും (Perishable items-which destroyed after condemnation) ഉപകരണങ്ങൾ, സാമഗ്രികൾ തുടങ്ങിയ വസ്തുക്കൾക്കും (Non perishable items-Auctioned after condemnation) പ്രത്യേകം സർവ്വേ റിപ്പോർട്ടുകൾ തയ്യാറാക്കണം.

സർവ്വേ റിപ്പോർട്ടിൽ വസ്തുക്കളുടെ പുസ്തക വില (Book Value) എഴുതേണ്ടതാണ്. പുസ്തക വില ലഭ്യമല്ലാത്ത സാഹചര്യത്തിൽ Replacement value എഴുതണം.

1993ൽ സർക്കാർ വിവിധ ഉപകരണങ്ങളുടെയും, സാമഗ്രികളുടെയും ഉപയോഗ കാലാവധി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. നിശ്ചിത ഉപയോഗ കാലാവധി (Life period) പൂർത്തീകരിച്ച വസ്തുക്കളുടെ വില പൂജ്യം (Zero) ആയിരിക്കും.

തിട്ടപ്പെടുത്തിയ വില (Assesed value)

കണ്ടംമ്നേഷൻ നടത്താനുള്ള ഉപകരണത്തിന് / മറ്റ് സാമഗ്രികൾക്ക് നിലവിലുള്ള അവസ്ഥയും, ലേലം ചെയ്തു വിറ്റാൽ മാർക്കറ്റിൽ ലഭ്യമാകാനിടയുള്ള വിലയും പരിഗണിച്ച് തിട്ടപ്പെടുത്തിയ

വില (Assesed value) സർവ്വേ റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ടതാണ്. വസ്തു ലേലം ചെയ്തു വിൽക്കുമ്പോൾ അസ്സസ്ഡ് വാല്യുവിൽ കുറഞ്ഞ വിലക്ക് വിൽക്കാൻ പാടുള്ളതല്ല. നശിപ്പിക്കേണ്ട വസ്തുക്കൾക്ക് (Perishable items) അസ്സസ്ഡ് വാല്യു പൂജ്യം (Zero) ആയിരിക്കും.

ക്രോഡീകരിച്ച പട്ടിക (Consolidated List)

വിവിധ വിഭാഗങ്ങളിൽ നിന്നും ലഭിച്ച സർവ്വേറിപ്പോർട്ടുകൾ (KFC Form - 21) ക്രോഡീകരിച്ച് ഒരു പട്ടിക തയ്യാറാക്കണം. പെരിഷബിൾ, നോൺ പെരിഷബിൾ വസ്തുക്കൾക്ക് പ്രത്യേകം ക്രോഡീകരിച്ച പട്ടിക വേണം. (ഓരോ തരം ഉപകരണങ്ങളുടെയും വസ്തുക്കളുടെയും ആകെ എണ്ണമാണ് ക്രോഡീകരിച്ച പട്ടികയിൽ കാണിക്കേണ്ടത്.) ഓരോ വസ്തുവിന്റെയും പേര്, എണ്ണം, ബുക്ക് വാല്യു എന്നീ വിവരങ്ങൾ പട്ടികയിൽ വേണം.

കണ്ടംമ്നേഷൻ കമ്മറ്റി (Condemnation committee)

കണ്ടംമ്നേഷൻ കമ്മറ്റി യോഗം ആവശ്യാനുസരണം സ്ഥാപനമേധാവി വിളിച്ച് ചേർക്കണം. വിവിധ സ്റ്റോക്ക് കസ്റ്റോഡിയൻമാർ സമർപ്പിച്ച കെ.എഫ്.സി. ഫോറങ്ങൾ, ഫാർമസിസ്റ്റ് തയ്യാറാക്കിയ കൺസോളിഡേറ്റഡ് ലിസ്റ്റ്, കണ്ടംമ്നേഷനുള്ള ഉപകരണങ്ങളും, സാമഗ്രികളും എന്നിവ കമ്മറ്റി വിശദമായി പരിശോധിച്ച് കണ്ടംമ്നേഷൻ നടത്തുന്നതിന് യോഗ്യമാണോ എന്ന് വിലയിരുത്തണം. അസസ്ഡ് വാല്യു പരിശോധിക്കുകയും, ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തുകയും വേണം. കമ്മറ്റി അംഗങ്ങൾ എല്ലാവരും കെ.എഫ്.സി. ഫോറത്തിലും ക്രോഡീകരിച്ച ലിസ്റ്റിലും പേരെഴുതി ഒപ്പിടണം.

കമ്മിറ്റി യോഗത്തിന്റെ മിനുട്സ് തയ്യാറാക്കുകും നടപടികളും, അഭിപ്രായങ്ങളും രേഖപ്പെടുത്തേണ്ടതുമാണ്. അംഗങ്ങൾ മുഴുവൻ ഹാജർ രേഖപ്പെടുത്തി ഒപ്പിടണം.

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ ഉത്തരവ് നമ്പർ 63/2013/ ആ. കു. വ. തിയ്യതി 23.02.2013 പ്രകാരം കണ്ടംമ്നേഷൻ നടപടികൾ ലഘൂകരിച്ച് കൂടുതൽ സുതാര്യമാക്കിയിട്ടുണ്ട്. ഇതുപ്രകാരം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ കണ്ടംമ്നേഷൻ കമ്മറ്റി താഴെ പറയും പ്രകാരമാണ്.

1. പ്രാഥമിക ആരോഗ്യകേന്ദ്രം ഉൾപ്പെടുന്ന സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ 1/c ചെയർമാൻ
2. പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ (അംഗം)
3. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഫാർമസിസ്റ്റ് (അംഗം)
4. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ സ്റ്റാഫ്നഴ്സ്/പാരാമെഡിക്കൽ സ്റ്റാഫ് (അംഗം)
5. സാങ്കേതിക വിദഗ്ധർ (Technical Experts) നിശ്ചിത ഉപയോഗ കാലാവധി (Life Period) പൂർത്തീകരിക്കാത്തതോ, ഉപയോഗ കാലാവധി നിശ്ചയിച്ചിട്ടില്ലാത്തതോ ആയ മെക്കാനിക്കൽ, ഇലക്ട്രോമെക്കാനിക്കൽ, ഇലക്ട്രിക്കൽ, മെഡിക്കൽ ഇലക്ട്രോണിക്സ്, ഫർണിച്ചറുകൾ എന്നിവ കണ്ടംമ്നേഷൻ നടത്തുമ്പോൾ മാത്രമാണ് സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തേണ്ടത്.

പി.എച്ച്.സി. കണ്ടംമ്നേഷൻ കമ്മറ്റിയിൽ ഉൾപ്പെടുന്ന സാങ്കേതിക വിദഗ്ധർ.

ഉപകരണങ്ങളുടെ / സാമഗ്രികളുടെ തരം	ആവശ്യമായ സാങ്കേതിക വിദഗ്ധർ
മെക്കാനിക്കൽ ഉപകരണങ്ങളും, ആശുപത്രി ഫർണിച്ചറും	ഗവ. പോളിടെക്നിക്കിലെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം മേധാവിയോ, അദ്ദേഹം നിർദ്ദശിക്കുന്ന ഉദ്യോഗസ്ഥനോ
ഇലക്ട്രോ മെക്കാനിക്കൽ ഉപകരണങ്ങൾ	ഗവ. പോളിടെക്നിക്കിലെ മെക്കാനിക്കൽ / ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം മേധാവിയോ നോമിനിയോ
ഇലക്ട്രിക്കൽ ഉപകരണങ്ങൾ	ഗവ. പോളിടെക്നിക്കിലെ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം മേധാവിയോ, നോമിനിയോ
മെഡിക്കൽ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ	ഗവ. പോളിടെക്നിക്കിലെ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗം മേധാവിയോ, നോമിനിയോ

അംഗീകൃത കിടക്കകൾ ഇല്ലാത്തതും, 50 വരെ കിടക്കകൾ വരെ ഉള്ളതുമായ (Beds 0 to 50) സ്ഥാപനങ്ങളിലെ മെഡിക്കൽ ഓഫീസർമാർക്ക് ഒരു തവണ 2000 രൂപ വരെ പുസ്തകവില (Book Value) വാല്യു ഉള്ള കേടു വന്ന ഉപകരണങ്ങൾ കണ്ടംമ്നേഷൻ ചെയ്യുന്നതിന് അനുമതി നൽകാം. വാർഷിക പരിധി 20000 രൂപയിൽ കവിയാൻ പാടുള്ളതല്ല.

എന്നാൽ മേൽ സൂചിപ്പിച്ച കണ്ടംമ്നേഷൻ കമ്മറ്റിക്ക് കണ്ടംമ്നേഷൻ നടത്തുന്നതിന് സാമ്പത്തിക പരിധിയില്ല. അതിനാൽ കണ്ടംമ്നേഷൻ കമ്മറ്റി ചേർന്ന് കണ്ടംമ്നേഷൻ നടത്തുന്നതാണ് ഉചിതം.

മെഡിക്കൽ ഓഫീസറുടെ ഉത്തരവ് (Proceedings of the Medical Officer)

കണ്ടംമ്നേഷൻ കമ്മറ്റിയുടെ അംഗീകാരത്തിന് ശേഷം സ്ഥാപനമേധാവിയായ മെഡിക്കൽ ഓഫീസർ / സൂപ്രണ്ട് കണ്ടംമ്നേഷനും, വസ്തുക്കളുടെ വില Write off ചെയ്യുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. ഈ ഉത്തരവ് ലഭിച്ചാൽ ബന്ധപ്പെട്ട വാർഡുകളിൽ / വിഭാഗങ്ങളിൽ സൂക്ഷിച്ചിട്ടുള്ള ഉപയോഗയോഗ്യമല്ലാത്ത വസ്തുക്കളുടെ രജിസ്റ്ററിൽ നിന്നും കണ്ടംമ്നേഷൻ നടത്തിയ ഉപകരണങ്ങളുടെ എണ്ണം കുറക്കേണ്ടതാണ്. പെരിഷബിൾ ആർട്ടിക്കിൾസ് മലിനീകരണ മാനദണ്ഡങ്ങൾ പാലിച്ച് നശിപ്പിക്കാനും, മറ്റുള്ളവ ലേലം ചെയ്ത് വിൽക്കാനും സ്ഥാപനമേധാവി നടപടികൾ സ്വീകരിക്കണം.

പകർപ്പുകൾ അയയ്ക്കുക

മെഡിക്കൽ ഓഫീസറുടെ ഉത്തരവിന്റെയും, സർവ്വേറിപ്പോർട്ടുകളുടെയും ഒരു പകർപ്പ് അക്കൗണ്ടന്റ് ജനറൽ കേരള, ആരോഗ്യവകുപ്പ് ഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവർക്ക് അയക്കേണ്ടതും ഒരു പകർപ്പ് കണ്ടംമ്നേഷൻ ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

വസ്തുക്കൾ നീക്കം ചെയ്യൽ / നശിപ്പിക്കൽ

കണ്ടംമ്നേഷൻ നടത്തിയ വസ്തുക്കൾ പൊതുലേലത്തിലൂടെ (Public Auction) അസസ്സ്ഡ് വിലയിൽ കുറയാത്ത തുകയ്ക്ക് ലേലം ചെയ്ത് വിൽക്കേണ്ടതാണ്. വേണ്ടത്ര പ്രചാരണം നൽകി ലേലം നടത്തണം.

കിടക്കകൾ, ഷീറ്റുകൾ തുടങ്ങിയ വസ്തുക്കൾ നശിപ്പിക്കേണ്ടതാണ്. മലിനീകരണ നിയന്ത്രണ നിർദ്ദേശങ്ങളും, സമീപ വാസികൾക്കും, സ്ഥാപനത്തിലെ വസ്തുക്കൾക്കും നാശനഷ്ടങ്ങൾ വരാതെയായിരിക്കണം നശിപ്പിക്കേണ്ടത്.

ലേല തുകയും, നികുതിയും ലേലം കൊണ്ട വ്യക്തിയിൽ നിന്നും സ്ഥാപനത്തിലെ ടിആർ-5 റസിപ്പ്റ്റിൽ ശേഖരിച്ച് മെഡിക്കൽ ഓഫീസർ ട്രഷറിയിൽ അടക്കേണ്ടതാണ്.

കണ്ടം ചെയ്ത വസ്തുക്കളുടെ രജിസ്റ്റർ (Register of condemned Articles)

കണ്ടം ചെയ്ത വസ്തുക്കളുടെ രജിസ്റ്റർ സ്ഥാപനത്തിലെ എല്ലാ വാർഡ് / സെക്ഷനുകളിലും, സ്റ്റോറിലും സൂക്ഷിക്കേണ്ടതാണ്. ഓരോ കണ്ടംമ്നേഷന്റെയും സംക്ഷിപ്ത വിവരണം നമ്പറും തിയ്യതിയും ഉൾപ്പെടെ ഈ രജിസ്റ്ററിൽ ചേർക്കേണ്ടതും മെഡിക്കൽ ഓഫീസർ അറ്റസ്റ്റ് (Attest) ചെയ്യേണ്ടതുമാണ്.

കാലാവധി കഴിഞ്ഞ മരുന്നുകളുടെ കണ്ടംമ്നേഷൻ (Condemnation of Date Expired medicines)

സ്ലോ മൂവിംഗ് റിപ്പോർട്ട് (Slow Moving Report)

മരുന്നുകൾ Slow Moving ആയാലോ Stagenant ആയാലോ കസ്റ്റോഡിയൻ ബന്ധപ്പെട്ട സ്ഥാപനമേലധികാരിക്കും, സ്ഥാപനമേലധികാരി ജില്ലാ മെഡിക്കൽ ഓഫീസർക്കും റിപ്പോർട്ട് ചെയ്യണം. കാലാവധി തിയ്യതിയുടെ (Expiry Date) ചുരുങ്ങിയത് 6 മാസം മുമ്പെ Slow Moving Report ചെയ്യേണ്ടതാണ്. അതോടൊപ്പം തന്നെ ഇത്തരം മരുന്നുകൾ ആവശ്യമായ സ്ഥാപനങ്ങളിലേക്ക് മാറ്റാനുള്ള നടപടികൾ കസ്റ്റോഡിയനും, സ്ഥാനപനമേധാവിയും സ്വീകരിക്കണം.

Slow Moving Report ന്റെ കത്ത് നമ്പറും, തിയ്യതിയും ഉൾപ്പെടെയുള്ള കാര്യങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ബന്ധപ്പെട്ട മരുന്നുകളുടെ പേജിൽ രേഖപ്പെടുത്തേണ്ടതാണ്.

Slow Moving റിപ്പോർട്ടുകളുടെയും കത്തുകളുടെയും ഫയൽ സ്ഥിരം രേഖ (Permenant Record) എന്ന നിലയിൽ പ്രത്യേക ഫയലിൽ സൂക്ഷിക്കേണ്ടതും, കസ്റ്റോഡിയൻമാർക്ക് സ്ഥലമാറ്റം ഉണ്ടാകുമ്പോൾ ചാർജ് എടുക്കുന്നവർക്ക് കൈമാറേണ്ടതുമാണ്. ജില്ലാ മെഡിക്കൽ ഓഫീസറുടെ

Slow Moving Circular ഉം ഈ ഫയലിൽ സൂക്ഷിക്കണം. KFC Form 21 ന്റെ 7-ാം കോളം പൂരിപ്പിക്കുന്നതിന് ഇവയെല്ലാം അത്യാവശ്യമാണ്.

ഡെഡ് സ്റ്റോക്ക് രജിസ്റ്റർ (Dead Stock Register)

നിശ്ചിത മാതൃകയിലുള്ള Dead Stock Register എല്ലാ സെക്ഷനുകളിലും സൂക്ഷിക്കണം. ഏതെങ്കിലും മരുന്നുകൾ ഉപയോഗ കാലാവധി പിന്നിടുമ്പോഴോ, ഗുണനിലവാരമില്ലാത്തതെന്ന് പ്രഖ്യാപിക്കുകയാണെങ്കിലോ അവ ഉടൻ തന്നെDead Stock Register ലേക്ക് മാറ്റേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്ററിലെ ബന്ധപ്പെട്ട മരുന്നുകളുടെ പേജിൽ പേജ് നമ്പർ സഹിതം ഇക്കാര്യം രേഖപ്പെടുത്തണം.

ഏതെങ്കിലും മരുന്നിന്റെ ഉപയോഗ കാലാവധി രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ, അത് നിർമ്മാണ തിയ്യതി മുതൽ 60 മാസത്തിന് ശേഷം ഉപയോഗിക്കരുത്. (ഉത്തരവ് നമ്പർ: . H&FWD തിയ്യതി 29.2.87 ആരോഗ്യകുടുംബക്ഷേമവകുപ്പ്, കേരള ഗസറ്റ് നമ്പർ 13 തിയ്യതി 31.03.1987.

കാലാവധി കഴിഞ്ഞ, ഗുണനിലവാരമില്ലെന്ന് പ്രഖ്യാപിച്ചതുമായ മരുന്നുകൾ മറ്റ് മരുന്നുകളിൽനിന്നും സ്റ്റോക്കിൽനിന്നും മാറ്റി പ്രത്യേകമായി സൂക്ഷിക്കുകയും (Date Expired, Not to be Issued) എന്ന് ചുവന്ന അക്ഷരത്തിൽ ലേബൽ പതിക്കേണ്ടതുമാകുന്നു.

സർവ്വേ റിപ്പോർട്ട് (Survey Report)

ഉപയോഗകാലാവധി കഴിഞ്ഞുപോയ മരുന്നുകളുടെ സർവ്വേ റിപ്പോർട്ട് KFC Form 21 ൽ 4 കോപ്പി തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. ബുക്ക് വാല്യു 500 രൂപ വരെയുള്ള മരുന്നുകൾ കണ്ടംമ്നേഷൻ നടത്തി വില Write off ചെയ്യാൻ 50ൽ താഴെ കിടക്കകളുള്ളതോ, കിടക്കകൾ ഇല്ലാത്തതോ ആയ PHC കളിലെ മെഡിക്കൽ ഓഫീസർക്ക് അധികാരമുണ്ട്. എന്നാൽ മരുന്നുകളുടെ കാലാവധി കഴിയാൻ കാരണം കസ്റ്റോഡിയന്മാരായ ഓഫീസറുടെ അശ്രദ്ധ മൂലമാകരുത്. 500 രൂപയിൽ കൂടുതൽ ബുക്ക് വാലു വരുന്നുണ്ടെങ്കിൽ അവ ജില്ലാ മെഡിക്കൽ ഓഫീസർക്ക് അയയ്ക്കേണ്ടതാണ്.

സർട്ടിഫിക്കറ്റുകൾ

കാലാവധി കഴിഞ്ഞ മരുന്നുകളുടെ സർവ്വേ റിപ്പോർട്ട് തയ്യാറാക്കുമ്പോൾ താഴെ പറയുന്ന സർട്ടിഫിക്കറ്റുകൾ KFC Form 21ൽ രേഖപ്പെടുത്തേണ്ടതാണ്.

1. Certified that timely action has been taken to utilize the item within the potency period.
2. Certified that Calander of actions had been taken to dispose the items to needy institutions with in the potency period.
3. Certified that the condemned items which are quite worthless and fetch no value if auctioned

കണ്ടംമ്നേഷൻ

സ്ഥാപനമേധാവിയുടെ അധികാര പരിധിയിൽ വരുന്ന തുക ബുക്ക് വാല്യു വരുന്ന മരുന്നുകൾ (Medical officer of institutions with no be to 50 beds 500 രൂപയിൽ താഴെ) അവിടെ വെച്ചു തന്നെ കണ്ടംമ്നേഷൻ നടത്താവുന്നതാണ്.

അല്ലാത്തവ കണ്ടംമ്നേഷൻ നടത്താനുള്ള അധികാരം ജില്ലാതല കണ്ടംമ്നേഷൻ കമ്മിറ്റിക്കാണ്.

ഗവ. ഉത്തരവ് നമ്പർ (GO (Rt) 2036/92/H&FWD) തിയ്യതി 18.08.92 ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രകാരമുള്ള ജില്ലാതല കണ്ടംമ്നേഷൻ കാലാവധി താഴെ പറയുന്നതാണ്.

1. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ചെയർമാൻ
2. ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) അംഗം
3. റീജ്യനൽ ഡ്രഗ്സ് ഇൻസ്പെക്ടർ - അംഗം
4. സൂപ്രണ്ട് ജില്ല / ജനറൽ ആശുപത്രി - അംഗം
5. ജില്ലാ സ്റ്റോർ വെരിഫിക്കേഷൻ ഓഫീസർ - കൺവീനർ
6. സ്റ്റോർ സൂപ്രണ്ട് ജില്ലാ മെഡിക്കൽ സ്റ്റോർസ് - അംഗം (To be revised as - Store Superintendent District / General Hospital or Manager Dist Drug Ware House)

ജില്ലാതല കമ്മിറ്റി കണ്ടംമ്നേഷൻ നടത്തിയ ഉത്തരവിന്റെ പകർപ്പു സ്ഥാപനത്തിൽ ലഭിച്ചാൽ അക്കാര്യം രേഖപ്പെടുത്തി മരുന്നുകൾ നീക്കം ചെയ്യേണ്ടതാണ്. ഡെഡ് സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും കുറക്കുകയും ഉത്തരവ് നമ്പർ, തിയ്യതി തുടങ്ങിയ കാര്യങ്ങൾ രേഖപ്പെടുത്തി വെക്കേണ്ടതുമാണ്. മരുന്നുകൾ നശിപ്പിക്കുന്നമ്പോൾ നിലവിലുള്ള മലിനീകരണ നിയന്ത്രണ നിയമങ്ങൾ പാലിക്കേണ്ടതുണ്ട്.

ഉപയോഗയോഗ്യമല്ലാത്ത വസ്തുക്കളുടെ രജിസ്റ്റർ (ഉപകരണങ്ങൾക്ക്)

നമ്പർ	ഉപകരണത്തിന്റെ പേര്	നമ്പർ/അളവ്	ലഭിച്ച തിയ്യതി	വില (യൂണിറ്റ്)	ഉപയോഗശൂന്യ മായതിനു കാരണം	കസ്റ്റോഡിയനായ ഓഫീസറുടെ ഒപ്പ്

ഡെഡ് സ്റ്റോക്ക് രജിസ്റ്റർ (മരുന്നുകൾക്ക്)

നമ്പർ	മരുന്നുകളുടെ പേര്	എണ്ണം	വില (യൂണിറ്റ്)	ലഭിച്ച തിയ്യതി	കാലാവധി തിയ്യതി	കാലാവധി കഴിഞ്ഞു പോയതിന് കാരണം	കാലാവധിക്ക് മുമ്പ് ഉപയോഗപ്പെടുത്താൻ സ്വീകരിച്ച നടപടികൾ	ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ	കസ്റ്റോഡിയനായ ഓഫീസറുടെ ഒപ്പ്

മാതൃക

മെഡിക്കൽ ഓഫീസറുടെ നടപടിക്രമം

.... പ്രാഥമിക ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറുടെ നടപടിക്രമം

വിഷയം : ഉപയോഗ യോഗ്യമല്ലാത്തതായ ആശുപത്രി ഉപകരണങ്ങൾ കണ്ടംമ്നേഷൻ നടത്തി വില എഴുതി തള്ളുന്നതിന് സംബന്ധിച്ച്

സൂചന : കണ്ടംമ്നേഷൻ കമ്മറ്റി യോഗം......... .... (തിയ്യതി)

ഉത്തരവ് നമ്പർ................തിയ്യതി......................

.... പ്രാഥമിക ആരോഗ്യകേന്ദ്രം കണ്ടംമ്നേഷൻ കമ്മറ്റി യോഗം.............. ന് ചേരുകയും താഴെ പറയുന്ന പട്ടികയിലുള്ള ആശുപത്രി ഉപയോഗയോഗ്യമല്ലെന്നും, തുടർച്ചയായ ഉപയോഗത്തിലൂടെ സാധാരണ ഗതിയിൽ ഉപയോഗയോഗ്യമല്ലാതായതാണെന്നും കണ്ടെത്തിയതായി ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ആയതിനാൽ താഴെ പറയുന്ന ഉപകരണങ്ങൾ കണ്ടംമ്നേഷൻ നടത്തി അവയുടെ പുസ്തകവില യായ.....................രൂപ (........രൂപ മാത്രം) എഴുതിതള്ളുന്നതിനും മേൽ ഉപകരണങ്ങൾ സ്റ്റോക്കിൽ നിന്ന് കുറവ് വരുത്തുന്നതിനും, ലേലം ചെയ്ത് വിൽക്കുന്നതിനും ഇതിനാൽ അനുമതി നൽകി ഉത്ത രവാകുന്നു.

നമ്പർ	ഉപകരണങ്ങളുടെ പേര്	എണ്ണം	പുസ്തക വില

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ, കേരള
2. ആരോഗ്യ വകുപ്പ് ഡയറക്ടർ
3. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
4. കണ്ടംമ്നേഷൻ ഫയൽ

(ഒപ്പ്)
മെഡിക്കൽ ഓഫീസർ

അശ്വതി കെ. എ.
താലൂക്ക് ആശുപത്രി,
ഹരിപ്പാട്



കൃഷ്ണൻ

താമരപ്പൂവിതൾ മിഴികളിൽ
പ്രണയത്തിൻ തിരകളാറാടി
സാഗര പ്രതീതിയുണർത്തീടുന്നു.
നാസികയിൽ തിളങ്ങി നിൽക്കും
വിയർപ്പുകണം ഉദയസൂര്യപ്രഭയിൽ
ജ്വലിച്ചു നിൽക്കും ഹിമകണമെന്ന പോലെ
മന്ദസ്മിതം തൂകി വന്നണയും നേരം
മുല്ലവല്ലിയിൽ സുഗന്ധം പരത്തി
വിടർന്നു നിൽക്കുന്നൊരായിരം
പൂക്കൾ പുഞ്ചിരിച്ച പോലെ
കുറുനിരകൾ മന്ദമാരുതൻ തന്റെ
തഴുകലിൽ ആനന്ദ നടനമാടീടുന്നു.
ഒരു ജന്മം മതിയാകില്ലെനിക്ക്
നിൻ രൂപം വർണ്ണിച്ചീടുവാൻ
കഷ്ടതകൾ ചൊല്ലാൻ മറന്നീടുമാ
ഇഷ്ട രൂപം മുന്നിൽ പ്രത്യക്ഷമായെന്നാൽ
ഗോപികമാരെ മയക്കും
കമനീയ മേനിയുള്ളവനെ,
കരുണ ചൊരിഞ്ഞീടാൻ
താമസമെന്തിനിയും ?

ഗ്രൂപ്പ് ഇൻഷ്വറൻസ്, എസ്.എൽ.ഐ.

ഗ്രൂപ്പ് ഇൻഷ്വറൻസ്

പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന 50 വയസ്സ് കഴിയാത്ത എല്ലാ ജീവനക്കാരുടെയും ആദ്യ ശമ്പളത്തിൽ നിന്നുംതന്നെ ശമ്പള സ്കെയിലിന് അനുസരിച്ച് ഗ്രൂപ്പ് ഇൻഷുറൻസ് വരിസംഖ്യ കിഴിക്കൽ നടത്തി പൂർണ്ണ അംഗത്വം നൽകേണ്ടതാണ്. ആദ്യ മാസത്തെ ശമ്പളബില്ലിൽ നിന്നും പദ്ധതിയിലേക്കുള്ള വരിസംഖ്യ പൂർണ്ണനിരക്കിൽ കിഴിക്കൽ നടത്തിയിട്ടുണ്ടെന്ന് ഡ്രോയിംഗ് ആന്റ് ഡിസബേർസിംഗ് ഓഫീസർ ഉറപ്പുവരുത്തണം. ഇതിൽ വീഴ്ചയുണ്ടായാൽ പ്രസ്തുത ജീവനക്കാരന് പദ്ധതിയിൽ അംഗത്വം നൽകുന്നതിന് മുൻപ് ഡ്രോയിംഗ് ആന്റ് ഡിസ്ബേർസിംഗ് ഓഫീസർ ഇൻഷ്വറൻസ് വകുപ്പിൽനിന്നും പ്രത്യേകം അനുമതി വാങ്ങേണ്ടതാണ്. ഒരു ജീവനക്കാരന് ആദ്യമാസം മുതൽ ഇൻഷൂറൻസ് പരിരക്ഷ ഉറപ്പാക്കാതിരിക്കുന്നതു മൂലം ജീവനക്കാരനോ ടിയാന്റെ അകാശികൾക്കോ ഉണ്ടാകാവുന്ന സാമ്പത്തിക നഷ്ടത്തിന് ബന്ധപ്പെട്ട ഡ്രോയിങ്ങ് & ഡിസ്ബേർസിംഗ് ഓഫീസർമാർ ഉത്തരവാദികളായിരിക്കുന്നതാണ്. (ഉത്തരവ് നമ്പർ 460/2015 തിയ്യതി 13-10-2015)

ആദ്യത്തെ ശമ്പളത്തിൽ നിന്ന് കിഴിക്കൽ നടത്തുവാൻ അക്കൗണ്ട് നമ്പർ ആവശ്യമില്ല. ആദ്യ ശമ്പളത്തിൽനിന്ന് ആദ്യപ്രീമിയം കഴിക്കൽ നടത്തിയശേഷം അക്കൗണ്ട് നമ്പറിന് വേണ്ടി അപേക്ഷനൽകണം.

ജീവനക്കാരന്റെ ശമ്പളസ്കെയിൽ മാറ്റുന്നതിന് അനുസരിച്ച് പ്രീമിയം നിരക്കിലുള്ള വർദ്ധനവ് സപ്തംബർ മാസത്തിൽ നടത്തേണ്ടതാണ്.

50 വയസ്സ് കഴിഞ്ഞവർ പുതുതായി അംഗത്വം എടുക്കേണ്ടതില്ല. നിലവിലുള്ളവർ സ്കെയിൽ ഓഫ് പേ അനുസരിച്ച് പ്രീമിയം നിരക്ക് വർദ്ധിപ്പിക്കേണ്ടതാണ്

Scale of Pay	Group	Rate
1) 55350 - 101400 & above	A	600
2) 35700-75600 & above but below 55380-101400	B	500
3) 17000-37500 & above but below 35700 - 75600	C	400
4) 16500-35700 & above but below 17000 - 37500	D	300

സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് (എസ്.എൽ.ഐ.)

പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർ ഒരു മാസത്തിനുള്ളിൽ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗത്വം എടുക്കേണ്ടതാണ്.

അടിസ്ഥാനശമ്പളം വർദ്ധിക്കുന്നതിന് അനുസരിച്ച് അഡീഷണൽ പോളിസി എടുക്കേണ്ടതാണ്. നിലവിലുള്ള പോളിസിയിൽ ഒരു കാരണവശാലും പ്രീമിയം തുക കൂട്ടി അടക്കാൻ പാടില്ല. 50 വയസ്സ് കഴിഞ്ഞ ജീവനക്കാർ പോളിസിയോ, അഡീഷണൽ പോളിസിയോ എടുക്കേണ്ടതില്ല. (ഉത്തരവ് നമ്പർ 556/2008 തിയ്യതി 16.12.2008)

അടിസ്ഥാനശമ്പളം	പ്രതിമാസ പ്രീമിയം നിരക്ക് (രൂപ)
17999 രൂപവരെ	200
18000-35699	300
35700-55349	500
55350 രൂപ മുതൽ	600

കുറിപ്പ്: ഗ്രൂപ്പ് ഇൻഷ്വറൻസ് വരിസംഖ്യ, ജീവനക്കാരന്റെ സ്കെയിൽ ഓഫ് പേ അനുസരിച്ചും, എസ്.എൽ.ഐ. പോളിസി തുക ജീവനക്കാരന്റെ അടിസ്ഥാനശമ്പളം അനുസരിച്ചും ഗ്രൂപ്പ് ഇൻഷ്വറൻസിൽ നിലവിലുള്ള പോളിസി തുക വർദ്ധിപ്പിക്കുമ്പോൾ എസ്.എൽ.ഐ. യിൽ അഡീഷണൽ പോളിസി എടുക്കണം.

ആശംസകൾ

(റിട്ടയർമെന്റ് & ഉന്നത വിജയം)

കെ.സി. അജിത്കുമാർ
സ്റ്റോർ സൂപ്രണ്ട്
ജനറൽ ഹോസ്പിറ്റൽ, തലശ്ശേരി

എം.എ. മുഹമ്മദ്
സ്റ്റോർ സൂപ്രണ്ട്
ടി.എച്ച്. വൈത്തിരി

എം. സുഗതൻ
ഫാർമസിസ്റ്റ്
എം. സി. എച്ച്. കോഴിക്കോട്

ശ്രാവൺ ശ്രീദീപ്
S/o. പ്രദീപ് കുമാർ പി. വി.
ഫാർമസിസ്റ്റ് മൊബൈൽ ഡിസ്പെൻസറി, തളിപ്പറമ്പ്
Plus Two

സെബ എം.എ.
D/o. എം.എ. മുഹമ്മദ്
സ്റ്റോർ സൂപ്രണ്ട് ടി.എച്ച്. വൈത്തിരി
NEET (Medical) All India Rank 99, Kerala Rank 3

ഐശ്വര്യ എം.എസ്.
D/o. മണികണ്ഠൻ എം.വി.
ഫാർമസിസ്റ്റ് ഇ.എസ്.ഐ. വളാഞ്ചേരി
CBSE - PLUS 2 (2018)

രോഹിത് കൃഷ്ണനുണ്ണിത്താൻ
S/o. കൃഷ്ണകുമാർ. ആർ
ഫാർമസിസ്റ്റ് സി.എച്ച്.സി. തുമ്പമൺ
CBSE10th

കെ. ശംഭു നമ്പൂതിരി
S/o. ശ്രീവിദ്യ
ഫാർമസിസ്റ്റ് സി.എച്ച്.സി. പഴഞ്ഞി
SSLC 2018

PHARMACY BULLETIN Book No. 13 Vol-1 September 2018

കെ.ജി.പി.എ. 60–ാം സംസ്ഥാന സമ്മേളനം

ഉദ്ഘാടനം: ബഹു. ഡെപ്യൂട്ടി സ്പീക്കർ ആർ. ശശി

സമാപനസമ്മേളനത്തിൽ അഡ്വ. വി. രാജേന്ദ്രബാബു (കൊല്ലം കോർപ്പറേഷൻ മേയർ)

Printed and Published by : K.T. Sadanandan, General Secretary (In-charge), on behalf of Kerala Government Pharmacists' Association
Printed @ Harisree Offset, Tali. Kozhikode. Mob : 9847890672, Editor : M.K. Premanandan. Mob : 9744480806